2023 AUGUST 29 TUESDAY

# സൊസൈറ്റി ടുഡേ

Special Issue-e-Paper

E-mail: societytodaynews@gmail.com

## തിരുവോണാശംസകൾ



# ഇന്ന് തിരുവോണം; ആഘോഷലഹരിയിൽ കേരളം

**കൊച്ചി:** ഇന്ന് തിരുവോണം.പൂക്കളമിട്ടും,വിവിധ മൽസരങ്ങൾ സംഘടിപ്പിച്ചും ഓണാഘോഷത്തിന്റെ ലഹരിയിലാണ് കേരളത്തിന്റെ ഒരോ മുക്കും മൂലയും.അത്തം മുതലുള്ള പത്ത് ദിവസവും ഓണമാഘോഷിക്കാനുള്ള ഓട്ടത്തിലായിരിക്കും ഒരോ മലയാളിയും. കാണം വിറ്റും ഓണമുണ്ണാനുള്ള എല്ലാ തയ്യാറെടുപ്പുകളുമായി കുടുംബസമേതം കഴിഞ്ഞ ഒരാഴ്ചക്കാലം വിപണികൾ തോറും കയറി ഇറങ്ങുകയായിരുന്നു മലയാളികൾ. വിലക്കയറ്റം കുടുംബബജറ്റിനെ താളം തെറ്റിച്ചെങ്കിലും ഓണാഘോഷത്തിൽ പിന്നോട്ട് പോകാൻ മലയാളി ഒരുക്കമല്ല എന്നതിന്റെ നേർക്കാഴ്ചയായിരുന്നു കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാൻ സാധിച്ചത്. വസ്ത്രവ്യാപാര ശാലകളിലും പച്ചക്കറിക്കടയിലും കുഞ്ഞുകുട്ടികൾ മുതൽ പ്രായമായവരുടെ വരെ നീണ്ട നിരയായിരുന്നു. ഓണം പൊടിപൊടിക്കാനുള്ള അവസാനവട്ട ഒരുക്കത്തിന്റെ ഓട്ടമായിരുന്നു ഉത്രാടദിനത്തിൽ എല്ലായിടത്തും കാണനായത്. ഓണത്തിനോടനുബന്ധിച്ച് എല്ലായിടത്തും വൻ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.ആളും ആരവവുമായി തലസ്ഥാനവാസികൾക്ക് ആവേശം സമ്മാനിക്കാൻ ഏഴ് രാപ്പകലുകൾ നീണ്ടുനിൽക്കുന്ന ഓണം വാരാഘോഷത്തിന് കഴിഞ്ഞ ദിവസം തിരിതെളിഞ്ഞു. കനകക്കുന്നിൽ അഞ്ച് വേദികളിലായാണ് സെപ്റ്റംബർ രണ്ട് വരെ വിവിധ കലാപരിപാടികൾ അരങ്ങേറുക. തിരുവനന്തപുരം ജില്ലയിൽ വിവിധ ഇടങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന 31 വേദികളിലായി വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറും. എല്ലാ ദിവസവും വൈകിട്ട് ഏഴ് മണിക്ക് കനകക്കുന്നിൽ ലേസർ ഷോയും അരങ്ങേറും. സെപ്റ്റംബർ രണ്ടിന് വെള്ളയമ്പലത്ത് നിന്ന് ആരംഭിക്കുന്ന വർണ ശബളമായ ഘോഷയാത്രയോടെ വാരാഘോഷത്തിന് സമാപനമാകും.കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ എറണാകുളത്തും വിപുലമായ ഒരുക്കങ്ങളാണ് ജില്ലാ ഭരണകൂടവും ഡിറ്റിപിസിയും ചേർന്ന് തയ്യാറാക്കിയിരിക്കുന്നത്.ലാവണ്യം 2023 ന്റെ പ്രധാന വേദിയായ ദർബാർ ഹാൾ ഗ്രൗണ്ടിൽ ഓഗസ്റ്റ് 31 വരെ വൈകിട്ട് ആറ് മുതൽ വിവിധ കലാപരിപാടികളാണ് അരങ്ങേറുന്നത്.  തിരുവോണ ദിനമായ ഇന്ന് താന്തോന്നി തുരുത്ത് ദ്വീപ് നിവാസികളുടെ കൈക്കൊട്ടിക്കളിയും തുടർന്ന് അൽ അമീൻ ആർട്ട്സ് അവതരിപ്പിക്കുന്ന സൂഫി ഡാൻസ്, മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ അവതരിപ്പിക്കുന്ന മ്യൂസിക്കൽ ബാൻഡ് ഷോ എന്നിവയാണ് നടക്കുക. ഓഗസ്റ്റ് 30 അവിട്ടം ദിനത്തിൽ :ഫ്രീഡം ഓൺ വീൽസ്' വീൽ ചെയറിൽ ഇരിക്കുന്നവർ അവതരിപ്പിക്കുന്ന മോട്ടിവേഷണൽ ഷോ,നയാഗ്രാ ഇവന്റ്സ് അവതരിപ്പിക്കുന്ന ചിരിമേളം എന്നിയാണ് ക്രമീകരിച്ചിരിക്കുന്നത്. 31 ചതയം ദിനത്തിൽ നന്ദനം സിംഫണി അവതരിപ്പിക്കുന്ന മ്യൂസിക്കൽ ഫ്യൂഷൻ തുടർന്ന് ജാസി ഗിഫ്റ്റ് അവതരിപ്പിക്കുന്ന മ്യൂസിക് നൈറ്റ് എന്നിവ നടക്കും.

**സൊസൈറ്റി ടുഡേ**

തിരുവോണം പ്രമാണിച്ച് ഇന്ന് ഓഫിസ് അവധിയായതിനാൽ നാളെ(30.08.23) സൊസൈറ്റിടുഡേ ഉണ്ടായിരിക്കുന്നതല്ല

# ജി 20: ഇന്ത്യയുടേത് ജനകീയ അധ്യക്ഷസ്ഥാനം പ്രധാനമന്ത്രി




**ന്യൂദൽഹി:** ജി 20 ഉച്ചകോടിക്കായി ഇന്ത്യ പൂർണ സജ്ജമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൻ കീ ബാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 40 രാജ്യങ്ങളുടെ തലവന്മാരും വിവിധ സംഘടനാ പ്രതിനിധികളും ഉച്ചകോടിക്കായി ദൽഹിയിലെത്തും. ജി 20 ഉച്ചകോടിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പങ്കാളിത്തമായിരിക്കും ഇത്. ഇന്ത്യ അധ്യക്ഷ പദവിയിലിരിക്കുമ്പോൾ ജി 20യെ കൂടുതൽ സർവ്വാശ്ലേഷിയാക്കി മാറ്റി. ഇന്ത്യയുടെ ക്ഷണപ്രകാരം ആഫ്രിക്കൻ യൂണിയനും ജി 20യിൽ അംഗമായി. ആഫ്രിക്കയിലെ ജനങ്ങളുടെ ശബ്ദം ലോകത്തിലെ ഈ സുപ്രധാന വേദിയിൽ എത്തി.

ദൽഹിയിൽ നിന്ന് മാറി രാജ്യത്തിന്റെ 60 നഗരങ്ങളിലായി ജി 20മായി ബന്ധപ്പെട്ട് ഇരുനൂറോളം യോഗങ്ങൾ നടത്തി. രാജ്യത്തിന്റെ വൈവിധ്യവും നമ്മുടെ ഊർജ്ജസ്വലമായ ജനാധിപത്യവും ഇവിടങ്ങളിൽ എത്തിയ പ്രതിനിധികളിൽ വളരെയധികം മതിപ്പുളവാക്കി. ഇന്ത്യയിൽ ഇത്രയധികം സാധ്യതകളുണ്ടെന്നും അവർ തിരിച്ചറിഞ്ഞു.

ജി 20യുടെ ഇന്ത്യയുടെ അധ്യക്ഷസ്ഥാനം ജനകീയ പ്രസിഡൻസിയാണ്, അതിൽ പൊതുജനപങ്കാളിത്തം മുൻപന്തിയിലാണ്. വിവിധ മേഖലകളിൽപെട്ടവർ ജി 20യുടെ പതിനൊന്ന് എൻഗേജ്മെന്റ് ഗ്രൂപ്പുകളിൽ പ്രധാന പങ്ക് വഹിച്ചു. രാജ്യത്തെ ഒന്നര കോടിയിലധികം പേരാണ് ജി 20യുടെ ഭാഗമായി നടന്ന പരിപാടികളുമായി ബന്ധപ്പെട്ടിരിക്കുന്നത്.

പൊതുപങ്കാളിത്തത്തിനായി നടത്തിയ പരിപാടികളിൽ രണ്ട് ലോകറിക്കാർഡുകൾ സൃഷ്ടിക്കപ്പെട്ടു. വാരാണസിയിൽ നടന്ന ജി 20 ക്വിസിൽ 800 സ്കൂളുകളിൽ നിന്നുള്ള ഒന്നേകാൽ ലക്ഷം വിദ്യാർത്ഥികൾ പങ്കെടുത്തത് പുതിയ ലോകറിക്കാർഡായി. സൂറത്തിൽ നടന്ന സാരി വാക്കത്തോണിൽ 15 സംസ്ഥാനങ്ങളിൽ നിന്നുള്ള 15,000 വനിതകൾ പങ്കെടുത്തു. ഈ പരിപാടി സൂറത്തിലെ ടെക്സ്റ്റൈൽ വ്യവസായത്തിന് വൻ ഉത്തേജനമായി. ശ്രീനഗറിൽ നടന്ന ജി 20 യോഗത്തിനുശേഷം കശ്മീരിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻവർധനവുണ്ടായി. നമുക്ക് ഒരുമിച്ച് ജി 20 സമ്മേളനം വിജയിപ്പിക്കാം. രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കാമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ചൈനയിൽ നടന്ന ലോക യൂണിവേഴ്സിറ്റി ഗെയിംസിൽ വിജയികളായവരെ പ്രധാനമന്ത്രി അഭിനന്ദിച്ചു. എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവെച്ച് 11 സ്വർണമടക്കം 26 മെഡലുകൾ നേടി. 1959 മുതൽ നടന്ന എല്ലാ യൂണിവേഴ്സിറ്റി ഗെയിംസുകളിലും നേടിയ എല്ലാ മെഡലുകളും ചേർത്താലും ഈ സംഖ്യ പതിനെട്ടിലെ എത്തൂ. ലോകയൂണിവേഴ്സിറ്റി ഗെയിംസിൽ മെഡൽ നേടിയ പ്രഗതി, അംലാൻ, പ്രിയങ്ക, അഭിധന്യ എന്നിവർ പ്രധാനമന്ത്രിയുമായി അനുഭവങ്ങൾ പങ്കുവെച്ചു.



# സഞ്ചരിക്കുന്ന റേഷൻ കട ഉടൻ നടപ്പിലാക്കും: മന്ത്രി കെ രാജൻ

**തൃശൂർ:** എംഎൽഎ ഫണ്ട് ഉപയോഗിച്ച് സഞ്ചരിക്കുന്ന റേഷൻ കട ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉടൻ നടപ്പിലാക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. പുത്തൂർ ഗ്രാമ പഞ്ചായത്തിലെ മരോട്ടിച്ചാൽ കെ സ്റ്റോർ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി .എംഎൽഎ ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പാക്കുക. റേഷൻ കടയ്ക്ക് സമാനമായി പ്രത്യേക ട്രക്ക് ഒരുക്കി അവശ്യസാധനങ്ങൾ സഞ്ചരിക്കുന്ന വാഹനത്തിൽ ലഭ്യമാക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു.



വിലക്കയറ്റത്തെ തടഞ്ഞു നിർത്തുക, ആവശ്യ സാധനങ്ങൾ തടസ്സങ്ങൾ ഇല്ലാതെ വിതരണം ചെയ്യുക, ഒപ്പം പദ്ധതി, ആദിവാസി ഊരുകളിലേക്കുള്ള സഞ്ചരിക്കുന്ന റേഷൻ കടകൾ,തുടങ്ങിയ നിരവധി ചുമതലകൾക്കൊപ്പം സിവിൽ സപ്ലൈസ് ഏറ്റെടുക്കുന്ന വലിയ ചുമതലയാണ് കെ സ്റ്റോർ എന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തുടനീളം ആയിരത്തോളം കെ സ്റ്റോറുകളാണ് സർക്കാരിൻറെ ലക്ഷ്യം.

ഒല്ലുക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് കെ ആർ രവി അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻ്റ് അശ്വതി സുനീഷ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മിനി സാബു, വാർഡ് മെമ്പർ ടി എ അരോഷ്, ജില്ലാ സപ്ലൈ ഓഫീസർ പി ആർ ജയചന്ദ്രൻ ,വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുമെന്ന് ബിന്ദു

**തൃശൂർ:** കേരളത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു. തൃശൂർ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ ആൻഡ് ഓട്ടിസം സെന്ററിന്റെ അഞ്ചാം വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.



സാമൂഹിക നീതി വകുപ്പ് നിരവധി പദ്ധതികളാണ് ഭിന്നശേഷി വിഭാഗങ്ങൾക്കായി നടപ്പാക്കുന്നത്. ഗർഭാവസ്ഥയിൽ തന്നെ ഭിന്നശേഷി കണ്ടെത്തി ശാസ്ത്രീയ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നു. അനുയാത്ര പോലുള്ള പദ്ധതികളിലൂടെ ജീവിതത്തിന്റെ ആരംഭഘട്ടം മുതൽ സർക്കാർ ഒപ്പം നിൽക്കുന്നു. വിദ്യാഭ്യാസവും നൈപുണ്യവും തൊഴിലും നൽകി അവരെ സ്വയം പര്യാപ്തരാക്കുമെന്നും മന്ത്രി പറഞ്ഞു. ഓട്ടിസം കേന്ദ്രങ്ങളിൽ ആവശ്യമായ പുതിയ തെറാപ്പികൾക്ക് കോഴ്സുകൾ കൊണ്ടുവന്ന് സേവനം ഉറപ്പാക്കും. പുനരധിവാസ ഗ്രാമങ്ങൾ നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ലക്ഷ്യമിടുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തൃശ്ശൂർ ഗവ മെഡിക്കൽ കോളേജ് അലുംനി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി ഭിന്നശേഷി കുട്ടികൾക്കായുള്ള പൂമൊട്ടുകൾ പദ്ധതിയുടെ പ്രഖ്യാപനം നടത്തി. പൂമുട്ടുകൾ പദ്ധതിയിലൂടെ മെഡിക്കൽ കോളജിന് സമീപമുള്ള അവണൂർ, മുളങ്കുന്നത്ത്കാവ് പഞ്ചായത്തുകളിലെ അങ്കണവാടി കുട്ടികളിലെ വികാസപരിമിതികൾ കണ്ടെത്തും. ആർ ഇ ഐ സി ആൻഡ് ഓട്ടിസം സെന്ററിലെ ജീവനക്കാർ മാസത്തിലൊരിക്കൽ പരിശോധന നടത്തും. പരിമിതികൾ കണ്ടെത്തിയാൽ പരിശീലനങ്ങളും ചികിത്സയും ഉറപ്പാക്കും. ഐ സി ഡി എസുമായി ചേർന്ന് ഒരു വർഷം നീളുന്ന പദ്ധതിക്കാണ് തുടക്കമായത്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നടപ്പാക്കിവരുന്ന പദ്ധതികളാണ് റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും ഓട്ടിസം സെന്ററുകളും. ഇവിടെ പ്രാരംഭഘട്ടത്തിൽ രോഗം കണ്ടെത്തുകയും തെറാപ്പി സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ജനിതക പ്രശ്നങ്ങൾ, പഠന പ്രശ്നങ്ങൾ, കേൾവി, കാഴ്ചാ പരിമിതികൾ തുടങ്ങിയവയ്ക്കുള്ള ചികിത്സകളും സെന്ററുകളിൽ നൽകുന്നു.

പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷനായി. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എസ് പി എം എസ് സഹറുദീൻ പദ്ധതി വിശദീകരണം നടത്തി. ഗവ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ബി ഷീല, സൂപ്രണ്ട് ഇൻ ചാർജ് ഡോ. നിഷ എം ദാസ്, നെഞ്ചു രോഗ ആശുപത്രി സൂപ്രണ്ട് ഡോ. ഷെഹന ഖാദർ, ശിശു രോഗ വിഭാഗം മേധാവി ഡോ. ജാനകി മേനോൻ, ആർ ഇ ഐ സി ആൻഡ് ഓട്ടിസം സെന്റർ തൃശ്ശൂർ നോഡൽ ഓഫീസർ ഡോ. ലതിക നായർ തുടങ്ങിയവർ പങ്കെടുത്തു.



# വർണ്ണാഭമായി നിറക്കൂട്ട്

**തൃശൂർ:** അണു കുടുംബങ്ങളുടെ കാലത്ത് ഒറ്റപ്പെടലിന്റെ നടുവിൽ പുതു തലമുറ കമ്പ്യൂട്ടറുകളിൽ ആഘോഷിക്കേണ്ടതല്ല ഓണമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. രാമവർമ്മപുരം ഗവ. ചിൽഡ്രൻസ് ഹോമിൽ നടന്ന

ഓണാഘോഷം നിറക്കൂട്ടിന്റെ ഭാഗമായി നടന്ന ഓണക്കോടി വിതരണം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. മഹാബലി മഹത്തായ ഒരു സംസ്കാരത്തിന്റെ പ്രതീകമാണ്. മഹാബലി ഉയർത്തിപ്പിടിച്ച കള്ളവും ചതിയും ഇല്ലാത്ത പരസ്പര വിദ്വേഷങ്ങൾ ഇല്ലാത്ത ജാതിമത വർഗ്ഗ വർണ്ണ രാഷ്ട്രീയ വ്യത്യാസമില്ലാത്ത ഇല്ലാത്ത ഒരു സംസ്കാരം വളർത്തിയെടുക്കുവാനും നിലനിർത്തുവാനും മലയാളിക്ക് കഴിയണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കായികരംഗത്തും പഠനരംഗത്തും ഹോമിൽ നിന്നും ഉന്നത വിജയം കരസ്ഥമാക്കും വിധം കുട്ടികൾ ഉയർന്നു വരുന്നത് പ്രശംസനീയാർഹമാണെന്നും മന്ത്രി കെ രാജൻ പറഞ്ഞു.

ചടങ്ങിൽ ഓണാഘോഷത്തിന്റെ ഭാഗമായി ഓണക്കോടി വിതരണം മന്ത്രി കെ രാജൻ നിർവഹിച്ചു. എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിലും കായികരംഗത്തും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ ചടങ്ങിൽ ആദരിച്ചു. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജയും ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു. തുടർച്ചയായി എട്ടാമത്തെ വർഷം കേരളത്തിൽ ഓണം ആഘോഷിക്കുന്നതിന്റെയും

കളക്ടർ ആയ ശേഷമുള്ള അനുഭവങ്ങളും വി ആർ കൃഷ്ണ തേജ ഐഎഎസ് കുട്ടികളുമായി പങ്കിട്ടു.

വനിത ശിശു വികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ സംയുക്തമായാണ് നിറക്കൂട്ട് സംഘടിപ്പിച്ചത്.

ഒബ്സർവേഷൻ ഹോം, പ്ലെയ്സ് ഓഫ് സേഫ്റ്റി, മോഡൽ ഹോം ഫോർ ഗേൾസ്, എൻട്രി ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത്, മഹിളാ മന്ദിരം, പ്രത്യാശ ഭവൻ, ആശ ഭവൻ, സിഡബ്ല്യുസി, ജെ ജെ ബി എന്നിവർ സംയുക്തമായാണ് വർണ്ണാഭമായ പരിപാടികളോടെ ഓണം ആഘോഷിച്ചത്.

ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം ജില്ലാ ജുവനൈയിൽ ജസ്റ്റിസ് ബോർഡ് ചെയർപേഴ്സൺ ഇന്ദു പി രാജ് നിർവഹിച്ചു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ബിന്ദു കെ എ സ്വാഗതം ആശംസിച്ച ചടങ്ങിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ മീരാ പി അധ്യക്ഷയായി. ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ നിമ്മി കെവി, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളായ അഡ്വ. സി കെ വിജയൻ, അഡ്വ. കെ വി ബാബു, സുജിത വി ഡി, ജുവനൈയിൽ ജസ്റ്റിസ് ബോർഡ് അംഗം വിനീത, മഹിളാമന്ദിരം സൂപ്രണ്ട് ഉഷ പി എസ്, ഗവ. ചിൽഡ്രൻസ് ഹോം സൂപ്രണ്ട് എൻ കെ ബിനു റോയ് തുടങ്ങിയവർ പങ്കെടുത്തു. ഓണാഘോഷത്തോടനുബന്ധിച്ച് കലാപരിപാടികളും ഓണസദ്യയും ഓണക്കളികളും നടന്നു.

# ഗസ്റ്റ് അധ്യാപകനിയമനം

**പുനലൂർ:** സർക്കാർ പോളിടെക്നിക് കോളജിൽ വിവിധ വിഭാഗങ്ങളിൽ ലക്ചറർ തസ്തികകളിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ നിയമനത്തിനുള്ള അഭിമുഖം സെപ്റ്റംബർ അഞ്ചിന് നടത്തും .മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗത്തിൽ രാവിലെ 10നും ഗണിതശാസ്ത്ര വിഭാഗത്തിൽ രാവിലെ 11 മണിക്കും ഫിസിക്സ് വിഭാഗത്തിൽ രാവിലെ 11.30നും അഭിമുഖം നടത്തും.

യോഗ്യത : ഗണിതശാസ്ത്ര വിഭാഗത്തിലും ഫിസിക്സ് വിഭാഗത്തിലും ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തതുല്യം, മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗത്തിൽ ബന്ധപ്പെട്ട വിഷയത്തിലുള്ള ഒന്നാം ക്ലാസ് ബിടെക് ബിരുദം., വിദ്യാഭ്യാസ യോഗ്യത, ബന്ധപ്പെട്ട വിഷയത്തിലുള്ള പ്രവൃത്തിപരിചയത്തിന്റെയും ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. പാൻ കാർഡും ആധാർ കാർഡും നിർബന്ധം.

# ആരോഗ്യകരമായ ഭക്ഷണക്രമവും വ്യായാമവും ശീലമാക്കാം; യുവത്വം ആഘോഷിക്കാം

ആരോഗ്യം



**ഷെറിൻ തോമസ്**
(ക്ലിനിക്കൽ ന്യൂട്രീഷൻ വിഭാഗം സീനിയർ മാനേജർ ആസ്റ്റർ മിംസ് കോഴിക്കോട്)

ഇന്നത്തെ യുവ തലമുറയാണ് നാളത്തെ ലോകത്തെ നയിക്കുക എന്ന പഴഞ്ചൊല്ല് ഏറെ പ്രശസ്തമാണ്. മാറുന്ന ലോകത്തിനു വേണ്ട നൂതന ആശയങ്ങൾ ഉരുത്തിരിയുന്നത് പലപ്പോഴും യുവമനസുകളിൽ നിന്നാണ്. എന്നാൽ ഇക്കാലഘട്ടത്തിലെ മോശം ആഹാര ശീലങ്ങളും ജീവിതശൈലിയും മൂലം നേരത്തെ പ്രായമായവരിൽ മാത്രം കണ്ടുവന്നിരുന്ന മാനസികവും ശാരീരികവുമായ പലതരത്തിലുള്ള രോഗങ്ങൾ ഇന്ന് യുവ സമൂഹത്തിലും ധാരാളമായി കണ്ടുവരുന്നുണ്ട്. ജീവിതത്തിൽ ചെറിയ മാറ്റങ്ങൾ കൊണ്ടുവന്നാൽ വലിയ ആരോഗ്യ പ്രശ്നങ്ങളിൽ നിന്ന് മാറിനിൽക്കാൻ കഴിയും. മനസ്സിനെയും ശരീരത്തെയും ആരോഗ്യത്തോടെ നിലനിർത്താൻ വേണ്ട ഏതാനും നുറുങ്ങ് വിദ്യകളാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്.



ഭക്ഷണക്രമത്തിൽ കൊണ്ടുവരുന്ന ചെറിയ വ്യത്യാസങ്ങൾ പോലും വലിയ മാറ്റങ്ങൾക്ക് കാരണമാകും. ഫാസ്റ്റ് ഫുഡുകളും ജങ്ക് ഫുഡുകളും ഒഴിവാക്കി ആരോഗ്യകരമായ ഭക്ഷണക്രമം പാലിക്കാൻ ശ്രദ്ധിക്കാം. ഇത് വഴി ശരീരത്തിന് കൂടുതൽ ഓജസ്സും ഊർജ്ജവും ലഭിക്കും. നിരവധി രോഗങ്ങളിൽ നിന്ന് രക്ഷനേടാനും കഴിയും.

സമ്പുഷ്ട ധാന്യങ്ങൾ, പ്രോട്ടീൻ, ഇരുമ്പ്, കാൽസ്യം എന്നിവ അടങ്ങിയ സമീകൃത ആഹാരങ്ങൾ പതിവാക്കാം. ചെറിയതോതിലുള്ള കൊഴുപ്പും ധാരാളമായി പച്ചക്കറികളും പഴവർഗങ്ങളും കഴിക്കുന്നത് ശരീരത്തിന് വലിയ തോതിൽ ഗുണം ചെയ്യും. മുകളിൽ പറഞ്ഞ ധാതുലവണങ്ങളും പോഷകങ്ങളും അടങ്ങിയ ഭക്ഷണങ്ങളുടെ ഗുണഗണങ്ങൾ പരിശോധിക്കാം.

**സമ്പുഷ്ട ധാന്യങ്ങൾ:** തവിട് കളയാത്ത അരി, ചെറു ധാന്യങ്ങൾ, സമ്പുഷ്ട ഗോതമ്പ്, ഓട്ട്സ് തുടങ്ങി കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങൾ ഉപയോഗിക്കുന്നത് ശരീരത്തിന് ആവശ്യമായ ഊർജം പ്രധാനം ചെയ്യും.

**പ്രോട്ടീൻ:** പേശികളുടെയും ശരീരത്തിലെ അവയവങ്ങളുടെയും വളർച്ചയ്ക്കായി പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ ഉപയോഗിക്കാം. മാംസം, കോഴി, മത്സ്യം, മുട്ട, പാലുൽപന്നങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയിൽ പ്രോട്ടീൻ ധാരാളമായി അടങ്ങിയിട്ടുണ്ട്.

**ഇരുമ്പ്:** കൗമാരക്കാരുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന ധാതു ലവണങ്ങളിൽ ഒന്നാണ് ഇരുമ്പ്. ശരീരത്തിൽ ഇരുമ്പിന്റെ അളവ് കുറയുന്നത് വിളർച്ച, ആർത്തവ ബുദ്ധിമുട്ടുകൾ തുടങ്ങിയ വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. മാംസം, കോഴി, ചീര, മുരിങ്ങയില, ഈന്തപ്പഴം ഇലക്കറികൾ ബീൻസ് തുടങ്ങിയ ഭക്ഷണങ്ങളെല്ലാം ഇരുമ്പിന്റെ കലവറകളാണ്.

**കാൽസ്യം :** എല്ലിന്റെയും പല്ലിന്റെയും വളർച്ചയ്ക്ക് ഏറെ അത്യാവശ്യമായ ധാതുലവണമാണ് കാൽസ്യം. പ്രതിദിനം 1300 മില്ലിഗ്രാം വരെ ഉപയോഗിക്കാം. പാല് തൈര് ചീസ് ഉൾപ്പെടെയുള്ള പാലുൽപന്നങ്ങൾ, മുള്ളോടു കൂടിയ ചെറു മത്സ്യങ്ങൾ, മുത്താറി, വിവിധയിനം ഇലക്കറികൾ എന്നിവയിൽ കാൽസ്യത്തിന്റെ അളവ് ധാരാളമാണ്.

**പച്ചക്കറികളും പഴവർഗങ്ങളും:** ആഹാരക്രമത്തിൽ വിവിധയിനം പച്ചക്കറികൾ ഉൾപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. പോഷകങ്ങളുടെ കലവറയായ പഴങ്ങളിൽ നിന്നും പച്ചക്കറികളിൽ നിന്നും ശരീരത്തിന് വേണ്ട ധാതുലവണങ്ങളും മൂലകങ്ങളും ധാരാളമായി ലഭിക്കുന്നുണ്ട്. ദഹനപ്രക്രിയക്കും ഇത് ഗുണം ചെയ്യും.

**കൊഴുപ്പ് അടങ്ങിയ ഭക്ഷണം :** അമിതമായാൽ ഗുരുതര ആരോഗ്യ പ്രശനങ്ങൾക്ക് കാരണമാകുമെങ്കിലും പരിമിതമായ അളവിൽ കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങളും ആഹാര ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ശരീരത്തിന് വേണ്ട ഊർജം പ്രധാന ചെയ്യുന്നുണ്ട്. അവക്കാഡോ, നട്ട്സ്, സീഡ്സ്, ഒലീവ് ഓയിൽ എന്നിവ ഉപയോഗിക്കുന്നത് നല്ലതാണ്.

അനാരോഗ്യകരമായ ഭക്ഷണക്രമം ശരീരത്തിന് ഗുരുതര പ്രശ്നങ്ങൾക്ക് കാരണമാകും. ഇത് ഒഴിവാക്കാൻ ചില പൊടിക്കൈകൾ സ്വീകരിക്കാവുന്നതാണ്. നന്നായി വെള്ളം കുടിക്കുന്നത് ഭക്ഷണത്തോടുള്ള ആസക്തി കുറയ്ക്കാൻ സഹായിക്കും. നിർജലീകരണം ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ തടയാനും ശരീരത്തെ ആരോഗ്യകരമായി നിലനിർത്താനും കഴിയുമെന്നത് വെള്ളം കുടിക്കുന്നതിന്റെ നേട്ടമാണ്.

പ്രോട്ടീന്റെ അളവ് കൂടിയ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കാം. പ്രോട്ടീൻ ദഹിക്കാൻ കൂടുതൽ സമയം എടുക്കും എന്നതിനാൽ വിശപ്പ് അനുഭവപ്പെടില്ല. അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങളിൽ നിന്ന് സ്വയം ഒഴിഞ്ഞു നിൽക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത്തരത്തിലുള്ള സാഹചര്യങ്ങളെല്ലാം ഒഴിവാക്കുക. അതേ സമയം പൂർണ്ണമായും ഒഴിവാക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

എണ്ണയിൽ വറുത്ത പലഹാരങ്ങളും ബേക്കറി സാധനങ്ങളും കഴിക്കുന്നതിന് പകരമായി ആരോഗ്യകരമായ സ്നാക്സുകൾ ഉപയോഗിക്കാം. ഉദാഹരണത്തിന് മിക്സഡ് നട്ട്സ്, ഫ്രൂട്ട് സ്മൂത്തി, മുട്ട, പൊരി, പഴം, ഓട്സ്, വില്ലറ്റ് പുഡിങ്, ചപ്പാത്തി, മില്ലറ്റ് പായസം എന്നിവയെല്ലാം ആഹാരത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

മുട്ട മാത്രം കഴിച്ചുള്ള ഡയറ്റ്, കീറ്റോ, പാലിയോ, ഗ്ലൂട്ടിൻ ഫ്രീ, ജി.എം, കാബേജ് ഡയറ്റ് തുടങ്ങിയ തുടങ്ങി വണ്ണം കുറയ്ക്കുന്നതിനായി വിവിധതരം ഡയറ്റുകളാണ് ഇക്കാലത്ത് യുവാക്കൾ സർവ്വസാധാരണമായി ചെയ്യുന്നത്. എന്നാൽ അനാരോഗ്യകരമായ ഇത്തരം ഡയറ്റുകൾ ഒഴിവാക്കുന്നതാണ് എപ്പോഴും നല്ലത്. കാരണം ഇവ ചെയ്യുന്നതുമൂലം ശരീരത്തിന് ആവശ്യമായ പോഷകാഹാരങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഡയറ്റുകൾ നിർത്തിയാൽ പഴയ പടിയാകാനുള്ള സാധ്യതയും കൂടുതലാണ്. നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. നിർജലീകരണം, ക്ഷീണം, മനംപിരട്ടൽ, മലബന്ധം വയറിളക്കം തലവേദന തുടങ്ങിയ വിവിധ അസുഖങ്ങളാണ് ഡയറ്റ് ചെയ്യുന്നവരിൽ കാണപ്പെടുന്നത്. അതേസമയം ഉപവാസത്തിന് സമാനമായ ഇന്റർമിറ്റന്റ് ഡയറ്റ് ചെയ്യുന്നതിന് കുഴപ്പമില്ല. എന്നാൽ വിദഗ്ദ നിർദ്ദേശപ്രകാരം മാത്രം വേണം ആരംഭിക്കാൻ.

ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കാൻ ഭക്ഷണം പോലെ പ്രധാനമാണ് കൃത്യമായ വ്യായാമവും. ശരീരം അനങ്ങുന്നത് മൂലം പേശികൾ ശക്തമാകും. ഹൃദ്രോഗം ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങളും തടയാനും കഴിയും. സാധാരണ പ്രഭാതം നടത്തം മുതൽ ജിമ്മിൽ ചെയ്യുന്ന വർക്കൗട്ടുകളും നീന്തൽ, സൈക്ലിംഗ് ഉൾപ്പെടെയുള്ളവയും വ്യായാമങ്ങളിൽ പെടും. അതേസമയം പെട്ടെന്നൊരു ദിവസം ഏറെ നേരം വ്യായാമം ചെയ്ത് തുടങ്ങുന്ന രീതി വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഇത് തടയുന്നതിനായി കുറഞ്ഞ അളവിൽ തുടങ്ങി പിന്നീട് വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്.

ഏറെനേരം ഇരുന്നുള്ള ജോലികൾ നട്ടെല്ലിന് ക്ഷതമേൽക്കാൻ കാരണമാകും. ഈ സാഹചര്യങ്ങളിൽ ജോലിക്കിടെ അല്പനേരം എഴുന്നേറ്റ് നടക്കുകയോ മറ്റേതെങ്കിലും കായിക പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യേണ്ടതാണ്. ദീർഘമായ ഫോൺ വിളികൾക്കിടെ നടക്കുക, കടകളിലേക്കും മറ്റുമുള്ള യാത്രകൾ വാഹനങ്ങൾക്ക് പകരം കാൽനടയായി പോകുക, ലിഫ്റ്റിന് പകരം സ്റ്റെയർകേസ് ഉപയോഗിക്കുക തുടങ്ങിയവ ചെയ്യാം.

പതിവായി വ്യായാമം ചെയ്യുന്നതിന് നിരവധി ഗുണങ്ങളാണുള്ളത്. ഇത് ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും അർബുദം, ഹൃദയാഘാതം തുടങ്ങിയ രോഗങ്ങൾ വരാനുള്ള സാധ്യത കുറക്കുകയും ചെയ്യുന്നു. പേശികളെയും എല്ലുകളെയും ബലപ്പെടുത്തും. ശരീരത്തിൻറെ സന്തുലിതാവസ്ഥയും സ്ഥിരതയും വർധിക്കും. ആരോഗ്യകരമായ ശരീരഭാരം തുടർന്നുകൊണ്ടുപോകാൻ സഹായിക്കും. ഊർജവും ആരോഗ്യവും എകാഗ്രതയും കൂട്ടും. വിഷാദവും ഉത്കണ്ഠയും കുറക്കും. ഗുണമേന്മയുള്ള ഉറക്കം ലഭിക്കും. ലൈംഗിക ആരോഗ്യം വർധിപ്പിക്കും. സന്ധികളുടെയും അസ്ഥിബന്ധങ്ങളുടെയും ആരോഗ്യം വർധിപ്പിക്കും തുടങ്ങിയവയെല്ലാം ഇതിൽ ചിലത് മാത്രമാണ്.

അതേസമയം തിരക്കിട്ട ഓട്ടത്തിനിടയിൽ വ്യായാമത്തിനായി സമയം കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് പലരുടേയും പ്രശ്നം. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം വ്യായാമം ചെയ്യുന്നതുപോലും ഗുണം ചെയ്യുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ആരോഗ്യം പരിരക്ഷിക്കുന്നതോടൊപ്പം രോഗങ്ങളെ അകറ്റി നിർത്തേണ്ടതും അത്യാവശ്യമാണ്. ഇതിനായി കൃത്യമായ ഇടവേളകളിൽ വിവിധ രോഗ നിർണയ പരിശോധനകൾ നടത്തുന്നത് അഭികാമ്യമാണ്. ബോഡി മാസ് ഇൻഡക്സ് പരിശോധിക്കുന്നത് വണ്ണക്കൂടുതൽ മൂലം ഉണ്ടാകുന്ന രോഗങ്ങളെ ചെറുക്കാൻ നല്ലതാണ്. രക്ത സമ്മർദ്ദം, കൊളസ്ട്രോൾ, ഡയബറ്റിക്സ്, തുടങ്ങിയ ജീവിത ശൈലീ രോഗങ്ങളെ ചെറുക്കാൻ നേരത്തെ തന്നെയുള്ള രോഗ നിർണയം സഹായിക്കും. വിളർച്ച, ക്ഷയം തുടങ്ങിയവയും പരിശോധനയിലൂടെ കണ്ടെത്താം. കുത്തഴിഞ്ഞ ജീവിതവും ലഹരി ഉപയോഗവും ഉള്ളവരാണെങ്കിൽ ഹെപ്പറ്റൈറ്റിസ്, എച്ച്. ഐ.വി, ക്ലമീഡിയ, ഗൊണേറിയ തുടങ്ങിയ ലൈംഗിക ജന്യ രോഗങ്ങൾക്കും നിർബന്ധമായും പരിശോധന നടത്തേണ്ടതാണ്.

# ലാവണ്യത്തിന് വർണാഭമായ തുടക്കം; 31 വരെ ആഘോഷ രാവുകൾ



**കൊച്ചി:** കേരളത്തിന്റെ പാരമ്പര്യം വിളിച്ചോതുന്ന വിവിധ കലാരൂപങ്ങൾ അണിനിരന്ന വർണ്ണാഭമായ ഘോഷയാത്രയോടെയാണ് ലാവണ്യം 2023 പരിപാടികൾക്ക് തുടക്കമായത്. ദർബാർ ഹാൾ ഗ്രൗണ്ടിൽ നടന്ന ഉദ്ഘാടന ചടങ്ങിന് ശേഷം തുമ്പപ്പൂ എറണാകുളം ടീമിന്റെ നേതൃത്വത്തിൽ ഓണക്കളി അരങ്ങേറി.തുടർന്ന് കഥകളി കലാകാരിയായ എസ്.ശശികല നെടുങ്ങാടിയും നർത്തകി ആതിര ശങ്കറും സോപാന സംഗീത കലാകാരൻ ഏരൂർ ബിജുവും ചേർന്ന് കഥകളിയും മോഹിനിയാട്ടവും സോപാന സംഗീതവും സമന്വയിപ്പിച്ച് അവതരിപ്പിച്ച പരിപാടി കാണികൾക്ക് വേറിട്ട അനുഭവമാണ് സമ്മാനിച്ചത്. ശേഷം പിന്നണിഗായകൻ ഉണ്ണിമേനോനും സംഘവും അവതരിപ്പിച്ച മ്യൂസിക്കൽ ഷോ വേദിയെ ആകെ സംഗീത സാന്ദ്രമാക്കി.ജില്ലാ ഭരണകൂടവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി നടത്തുന്നലാവണ്യം 2023 ന്റെ പ്രധാന വേദിയായ ദർബാർ ഹാൾ ഗ്രൗണ്ടിൽ ഓഗസ്റ്റ് 31 വരെ വൈകിട്ട് ആറ് മുതൽ വിവിധ കലാ പരിപാടികളാണ് അരങ്ങേറുന്നത്. ഉത്രാട ദിനമായ ആഗസ്റ്റ് 28 ന് ശ്രീപാർവ്വതി തിരുവാതിര സംഘം അവതരിപ്പിക്കുന്ന തിരുവാതിരയും , പെർഫ്യൂം ബാൻഡ് അവതരിപ്പിക്കുന്ന ബാൻഡ് ഷോയുമാണ് ഒരുക്കിയിരിക്കുന്നത്. തിരുവോണ ദിനമായ ആഗസ്റ്റ് 29 ചൊവ്വാഴ്ച താന്തോന്നി തുരുത്ത് ദ്വീപ നിവാസികളുടെ കൈക്കൊട്ടിക്കളിയും തുടർന്ന് അൽ അമീൻ ആർട്ട്സ് അവതരിപ്പിക്കുന്ന സൂഫി ഡാൻസ്, മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ അവതരിപ്പിക്കുന്ന മ്യൂസിക്കൽ ബാൻഡ് ഷോ എന്നിവയാണ് നടക്കുക. ഓഗസ്റ്റ് 30 അവിട്ടം ദിനത്തിൽ :ഫ്രീഡം ഓൺ വീൽസ്' വീൽ ചെയറിൽ ഇരിക്കുന്നവർ അവതരിപ്പിക്കുന്ന മോട്ടിവേഷണൽ ഷോ, നയാഗ്രാ ഇവന്റ്സ് അവതരിപ്പിക്കുന്ന ചിരിമേളം എന്നിയാണ് ക്രമീകരിച്ചിരിക്കുന്നത്. 31 ചതയം ദിനത്തിൽ നന്ദനം സിംഫണി അവതരിപ്പിക്കുന്ന മ്യൂസിക്കൽ ഫ്യൂഷൻ തുടർന്ന് ജാസി ഗിഫ്റ്റ് അവതരിപ്പിക്കുന്ന മ്യൂസിക് നൈറ്റ് എന്നിവ നടക്കും.

# കൊച്ചിയിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇനി മുതൽ യൂണിഫോമും



**കൊച്ചി:** കൊച്ചിയിലെ മുഴുവൻ ഹരിതകർമ്മ സേനാംഗങ്ങൾക്കും നഗരസഭ യൂണിഫോം നൽകി. 792 പേർ ഉൾക്കൊള്ളുന്ന കേരളത്തിലെ തന്നെ ഏറ്റവും വലിയ ഹരിതകർമ്മസേനയാണ് കൊച്ചിയിലേത്. 20 വർഷം മുമ്പ് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ച മാലിന്യ ശേഖരണ തൊഴിലാളികളെയാണ് നഗരസഭ സർക്കാർ നിഷ്കർഷിക്കും പ്രകാരമുള്ള ഹരിതകർമ്മസേനാംഗങ്ങളായി രജിസ്റ്റർ ചെയ്ത്. പുതു ചരിത്രം സൃഷ്ടിച്ചത്. നഗരത്തിലെ മുഴുവൻ വീടുകളിൽ നിന്നുള്ള മാലിന്യ ശേഖരണം നടത്തുന്ന ഇവർക്ക് യൂണിഫോമിനൊപ്പം ഗ്ലൗസ്, മാസ്ക്, തൊപ്പി, ഷൂസ് എന്നിവയടങ്ങുന്ന വ്യക്തിസുരക്ഷാ ഉപകരണങ്ങളുടെ കിറ്റും വിതരണം നടത്തി. സർക്കാർ പ്രഖ്യാപിച്ച ഓണം അലവൻസ് 1000 രൂപയും നൽകി.ബ്രഹ്മപുരത്ത് അഗ്നിശമനാ പ്രവർത്തനങ്ങളിൽ അഗ്നിരക്ഷാ സേനയെ സഹായിച്ച സിവിൽ ഡിഫൻസ് വോളൻറിയേഴ്സിനുള്ള നഗരസഭയുടെ ഉപഹാരവും ഇതോടൊപ്പം വിതരണം ചെയ്തു. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ 387 സിവിൽ ഡിഫൻസ് വോളൻറിയേഴ്സിനാണ് നഗരസഭ കൗൺസിൽ തീരുമാന പ്രകാരം 5000 രൂപ വീതം പാരിതോഷികം നൽകിയത്.നോർത്ത് ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ മേയർ അഡ്വ. എം. അനിൽകുമാർ യൂണിഫോമും, സുരക്ഷാ കിറ്റും, പുരസ്കാരങ്ങളും വിതരണം ചെയ്തു.ചടങ്ങിൽ ഡെപ്യൂട്ടി മേയർ കെ.എ. അൻസിയ അദ്ധ്യക്ഷയായി. ഹെൽത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷറഫ് സ്വാഗതം പറഞ്ഞു. ജില്ലാ ഫയർ ഓഫീസർ എ. ഹരികുമാർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാരായ പി.ആർ. റെനീഷ്, ഷീബലാൽ, സുനിത ഡിക്സൺ, പ്രിയ പ്രശാന്ത്, കൗൺസിലർമാരായ സി.എ. ഷക്കീർ, സുധ ദിലീപ്, ശാന്താ വിജയൻ, സിവിൽ ഡിഫൻസ് ജില്ലാ വാർഡൻ ബിനുമിത്രൻ, ഹരിത കേരള മിഷൻ കോഓർഡിനേറ്റർ അമീർഷാ എന്നിവരും നഗരസഭ ഹെൽത്ത് ഓഫീസർ ഡോ. ശശികുമാർ, നഗരസഭ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ജീവാക്ഷരങ്ങൾ : ബോധവൽക്കരണ നാടകവുമായി മോട്ടോർ വാഹന വകുപ്പ്




**കൊച്ചി:** റോഡ് സുരക്ഷ ജീവൻ രക്ഷ എന്ന സന്ദേശം സമൂഹത്തിലേക്ക് എത്തിക്കുന്നതിന്റ ഭാഗമായി ബോധവത്കരണ ടെലിമാറ്റിക്ക് നാടകവുമായി സംസ്ഥാന മോട്ടോർ വാഹനവകുപ്പ്. കുടുംബശ്രീ പ്രവർത്തകരായ അമ്മമാർ കഥാപാത്രങ്ങളായി വേഷമിട്ട ജീവാക്ഷരങ്ങൾ എന്ന നാടകത്തിന്റെ ഔപചാരിക ഉദ്ഘാടനം കോലഞ്ചേരിയിൽ നടന്ന കുന്നത്തുനാട് ഓണം ഫെസ്റ്റിൽ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അനന്തകൃഷ്ണൻ നിർവഹിച്ചു.നാടകത്തിന്റെ കഥാകൃത്തും നോർത്ത് പറവൂർ വെഹിക്കിൾസ് ഇൻസ്പെക്ടറുമായ എൻ.വിനോദ് കുമാർ, നാടകത്തിന്റെ ഗാനരചയിതാവും സംഗീത സംവിധായകനുമായ റിട്ട.അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സത്യൻ, സംവിധായകൻ ബിനോയ് പട്ടിമറ്റം എന്നിവർ പങ്കെടുത്തു.നാടകം സ്കൂൾ, കോളേജ്, പൊതുവേദികളിൽ അവതരിപ്പിക്കുന്നതിനായി നിങ്ങൾക്ക് സമീപത്തുള്ള റീജണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

# കളമശ്ശേരി കാർഷികോത്സവത്തിൽ ഓണാഘോഷ പരിപാടികൾ



**കൊച്ചി:** കളമശ്ശേരി കാർഷികോത്സവത്തിൽ ഗംഭീരമായി ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി രാജീവിന്റെ നേതൃത്വത്തിൽ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണത്തെ വരവേറ്റ് കളമശ്ശേരി നിവാസികൾ. രാവിലെ പൂക്കള മത്സരത്തോടെ തുടങ്ങിയ ആഘോഷ പരിപാടികളിൽ ഓണസദ്യയും വടംവലി മത്സരവുമെല്ലാം ജനങ്ങൾ ഒത്തൊരുമയോടെ ഏറ്റെടുക്കുകയായിരുന്നു. മേളയിലെത്തിയ സന്ദർശകരും സ്റ്റാൾ ഉടമകളും ആഘോഷ പരിപാടികളിൽ ഒരുപോലെ പങ്കാളികളായി. 500 പേരോളം ഓണസദ്യയിൽ പങ്കെടുത്തു. സദ്യയോടൊപ്പം ഗിന്നസ് ലോക റെക്കോർഡ് സ്വന്തമാക്കിയ ഡോ. ചന്ദ്രബോസ് വേദിയിൽ അവതരിപ്പിച്ച ഫ്യൂഷൻ മേളയിലെത്തിയ സന്ദർശകർക്ക് നല്ലൊരു അനുഭവമായിരുന്നു. മാവേലി തമ്പുരാനെ ആനയിക്കുന്നതിനായി കൊമ്പ് കലാകാരനായ നീറിക്കോട് ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ നടന്ന വാദ്യമേളം ഓണാഘോഷത്തിന്റെ പൊലിമ കൂട്ടി.പുലികളിയും മറ്റ് വേഷവിധാനങ്ങളും രസക്കാഴ്ചയായിരുന്നു. ജനങ്ങൾ ഉത്സവമായി ഏറ്റെടുത്ത കളമശ്ശേരി കാർഷികോത്സവം സമാപന ദിനത്തിലെ ഓണാഘോഷ പരിപാടികളിൽ വൻ ജനപങ്കാളിത്തമാണ് ദൃശ്യമായത്.

# കൂൺ ഗ്രാമവും കേരഗ്രാമവും അഗ്രോ പാർക്കും കളമശ്ശേരിക്ക് വാഗ്ദാനം ചെയ്ത് കൃഷിമന്ത്രി പി പ്രസാദ്



**കൊച്ചി:** കൂൺഗ്രാമവും കേരഗ്രാമവും അഗ്രോ പാർക്കും കളമശ്ശേരിക്ക് വാഗ്ദാനം ചെയ്ത് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. കളമശ്ശേരി കാർഷികോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയിലൂടെ നിരവധി പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ട്. ഓണം വിളവെടുപ്പിന്റെ ആഘോഷമാണ്. വരുമാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ് കൃഷിയായിരുന്ന സമയത്താണ് വിളവെടുപ്പുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ സംഘടിപ്പിച്ചിരുന്നത്.ഇന്ന് ഓണത്തിന് സദ്യവരെ വില കൊടുത്ത് വാങ്ങുന്ന അവസ്ഥയിലേക്കാണ് മലയാളികൾ നീങ്ങുന്നത്. മണ്ണിലേക്ക് ഇറങ്ങുന്നത് ഒരു മോശം കാര്യമല്ല. കായികാധ്വാനം കൂടുതൽ വേ ജോലികൾ മോശമാണെന്ന് തെറ്റിദ്ധാരണ മാറണം. ഇന്ന് മണ്ണിൽ നിന്ന് മാറാനാണ് മനുഷ്യർ ശ്രമിക്കുന്നത്. ഇന്നത്തെ ഭക്ഷണവും ജീവിതശൈലിയും ക്യാൻസറിന് വഴിവെക്കുന്നു. മലയാളികളുടെ ഭക്ഷണക്രമത്തിൽ മാറ്റം വരുത്തണം. കേരളത്തിൽ പ്രമേഹരോഗികൾ കൂടുന്നതിനാൽ അരിയാഹാരം കഴിക്കുന്നവർ കുറയുന്നു. ആരോഗ്യത്തിന്റെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല. വിലകൊടുത്തു വിഷം വാങ്ങിച്ച് കഴിക്കണോയെന്ന് നമ്മൾ തീരുമാനിക്കണം. ഭക്ഷണം കഴിക്കുന്നവർ എല്ലാവരും കൃഷിയുടെ ആനുകൂല്യം കൈപ്പറ്റുന്നവരാണെന്ന് മന്ത്രി പറഞ്ഞു. ഇനിയും കർഷകരെ പഠിക്കാൻ രാജ്യത്തിന് പുറത്തേക്ക് അയക്കും. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയിലെ യൂണിറ്റുകൾക്ക് ഐ.ഐ.പി മുംബൈയിൽ പരിശീലനം നൽകും. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ കെട്ടികിടക്കുന്ന അവസ്ഥ ഇനി ഉാവില്ല. കാർഷിക മേഖലയിൽ വ്യവസായ വകുപ്പ് മന്ത്രി രാജീവിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. കളമശ്ശേരിയിലെ മുഴുവൻ കുടുംബങ്ങളെയും പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഫുഡ് പ്രോസസിംഗ് പാർക്കിന് കളമശ്ശേരിയിൽ അടുത്തമാസം തറക്കല്ലിടുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കാർഷികോത്സവം സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കളമശ്ശേരി കാർഷികോത്സവം ജനങ്ങൾ ഉത്സവമായാണ് ഏറ്റെടുത്തത്. കഴിഞ്ഞവർഷം ആരംഭിച്ച കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ വിജയത്തിന്റെ ഭാഗമായാണ് കാർഷികോത്സവം പരിപാടി സംഘടിപ്പിച്ചത്. വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ മാത്രമേ കൃഷിയിൽ വിജയം കൈവരിക്കാൻ സാധിക്കൂ. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയിൽ ജാതിമത ചിന്തകൾക്ക് അതീതമായി ജനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞു. 1000 ഏക്കർ തരിശുഭൂമി കൃഷിയിലേക്ക് എത്തിച്ചു. ഉൽപാദനത്തിന് വില കുറയ്ക്കാനും ഉൽപ്പന്നത്തിന് വില കൂടാനുമാണ് ഇനി പ്രവർത്തിക്കേത്. കൃഷിക്കൊപ്പം കളമശ്ശേരിയുടെ പ്രവർത്തനങ്ങൾ ശക്തിയായി തന്നെ മുന്നോട്ടു പോകുമെന്നും മന്ത്രി പറഞ്ഞു.ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ കേരളത്തിൽ ഉാകണമെന്ന് നടൻ ജയസൂര്യ പരിപാടിയിൽ സംസാരിച്ചു. കർഷകരുടെ സഹായമില്ലാതെ ഒരു ദിവസം പോലും നമുക്ക് കടന്നു പോകാനാകില്ല. യഥാർത്ഥ ജീവിതത്തിലെ ഹീറോയാണ് മന്ത്രി രാജീവ് എന്നും അദ്ദേഹം പറഞ്ഞു.1000 ഏക്കർ സ്ഥലത്ത് നാലായിരത്തോളം കർഷകർക്ക് ജീവിതസാഹചര്യം ഉാക്കി നൽകിയത് ചെറിയ കാര്യമല്ല. കളമശ്ശേരിയിലെ കൃഷിയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ശരിയായ രീതിയിലാണ് നടക്കുന്നത്. പുതിയ തലമുറയിൽ ഉള്ളവർക്ക് വസ്ത്രത്തിൽ ചെളി പറ്റുന്നത് ഇഷ്ടമല്ലെന്നും അദ്ദേഹം പറഞ്ഞു.ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ഏലൂർ മുനിസിപ്പാലിറ്റി ചെയർമാൻ എ.ഡി സുജിൽ, കളമശ്ശേരി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സീമ കണ്ണൻ, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി പ്രതീഷ്, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എം മനാഫ്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ബാബു, കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ യേശുദാസ് പറപ്പിള്ളി, കെ.വി രവീന്ദ്രൻ, ഷൈനി ജോർജ്, കുസാറ്റ് വൈസ് ചാൻസിലർ പി.ജി ശങ്കരൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. സമാപന സമ്മേളനത്തിൽ മികച്ച കർഷകർക്കുള്ള അവാർഡുകൾ വിതരണം ചെയ്തു.

# ഓണത്തെ വരവേറ്റ് മൂന്നാർ; ആവേശത്തിലാഴ്ത്തി വർണ്ണപ്പകിട്ടാർന്ന ഘോഷയാത്ര

**മൂന്നാർ:** ഓണം ടൂറിസം വാരാഘോഷം ഏറ്റെടുത്ത് മൂന്നാർ. ദേവികുളം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി നടന്ന ഓണാഘോഷം നാടെങ്ങും ഉത്സവ പ്രതീതി ഉണർത്തി.മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതി സതീഷ് കുമാർ അധ്യക്ഷത വഹിച്ച സമ്മേളനം അഡ്വ. എ രാജ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിപുലമായ പരിപാടികളോടെയാണ് ഡിറ്റിപിസിയുടെയും മൂന്നാർ ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ദേവികുളം മണ്ഡലതല ഓണം വാരാഘോഷം സംഘടിപ്പിച്ചത്. ആദ്യ ദിനത്തിൽ നടത്തിയ മെഗാ പൂക്കള മത്സരം ആവേശം നിറച്ചു. വിവിധ മത്സരങ്ങളായ നാടൻപാട്ട്, ഓണപാട്ട്, സുന്ദരിക്ക് പൊട്ടുകുത്തൽ, പുഞ്ചിരി മത്സരം, വടം വലി , കമുകിൽ കയറ്റം തുടങ്ങിയ മത്സരങ്ങളും രണ്ട് ദിവസങ്ങളിലായി നടന്നു. വർണ്ണാഭമായ ഘോഷയാത്രയുടെ അകമ്പടിയോടെയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്.ചെണ്ടമേളത്തിന്റെയും നാസിക് ഡോളിന്റെയും അകമ്പടിയോടെ താള മേളങ്ങൾക്കൊപ്പം ചുവട് വച്ച് പുലികളിയും, മാവേലി മന്നൻമാരും, വിവിധ വർണങ്ങളിലുള്ള സാരി ഉടുത്തെത്തിയ കുടുംബശ്രീ പ്രവർത്തകരും ഘോഷയാത്രയെ വർണാഭമാക്കി. പഴയ മൂന്നാർ പഞ്ചായത്ത് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച ഘോഷയാത്ര മൂന്നാർ ടൗൺചുറ്റി രണ്ട് കിലോമീറ്റർ സഞ്ചരിച്ച് ഗ്രീൻലാന്റിൽ എത്തിച്ചേർന്നതോടെ വിവിധ ഓണമത്സരങ്ങളും നടന്നു.വനിത പുരുഷ വിഭാഗം വടംവലി, കമുകിൽ കയറ്റം തുടങ്ങി വിവിധ മത്സരങ്ങളാണ് അരങ്ങേറിയത്.

## സാമൂഹിക സാംസ്കാരികമായ ഐക്യമാണ് വേണ്ടത് : പ്രൊഫ. എം. കെ. സാനു



**കൊച്ചി :** ഓണത്തിന്റെ ഐതീഹ്യങ്ങളും ഐശ്വര്യം നിറഞ്ഞ ഓണസ്മരണകൾക്കൊപ്പം ഈ കാലഘട്ടത്തിന് ആവശ്യം സാമൂഹിക സാംസ്കാരിക ഇടങ്ങളിലെ ഐക്യം പ്രവർത്തി പഥത്തിലെത്തിക്കുകയെന്നതാണെന്ന് സാനു മാഷ് അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെയും സേവയുടെയും സംയുക്താഭിമുഖ്യത്തിൽ ചാവറ കൾച്ചറൽ സെന്ററിൽ നടന്ന ഓണാഘോഷത്തിൽ ഓണദിനസന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമൂഹ്യസേവനവിഭാഗം ജനറൽ കൗൺസിലർ ഫാ. ബിജുവടക്കേൽ സി.എം.ഐ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സി.എം.ഐ. പ്രിയോർ ജനറാൾ റവ. ഡോ. തോമസ് ചാത്തംപറമ്പിൽ ഓണാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ടി.ജെ. വിനോദ് എം.എൽ.എ., കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ്. മേനോൻ, ഫാ. അനിൽഫിലിപ് സി.എം.ഐ., എന്നിവർ പ്രസംഗിച്ചു. ഓണാഘോഷത്തോടനുബന്ധിച്ച് 80+ സീനിയർ സിറ്റിസൺസ് ജീരകമിഠായി പെറുക്കൽ, ലെമൺസ്പൂൺ റെയ്സ്, കസേരകളി, വടംവലി, കുട്ടികൾക്ക് ചാക്കിലോട്ടം, ട്രഷർഹ്, സുന്ദരിക്ക് പൊട്ടുതൊടൽ എന്നിങ്ങനെ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു

## ഓണം ഒരുമയുടെ ആഘോഷമാകണം: കെസിബിസി

**കൊച്ചി:** സമാധാനത്തിന്റെയും സമൃദ്ധിയുടെയും ഒരുമയുടേതുമാകട്ടെ മലയാളികളായ നമ്മുടെ ഓണാഘോഷങ്ങളെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, വൈസ് പ്രസിഡന്റ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ജനറൽ ഡോ. അലക്സ് വടക്കുംതല എന്നിവർ ആശംസിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഘർഷാവസ്ഥയിൽ പ്രത്യേകിച്ച് മണിപ്പൂർ സംഘർഷത്തിൽ ദുരിതം അനുഭവിക്കുന്ന എല്ലാ സഹോദരീസഹോദരന്മാർക്കുവേി പ്രാർഥിക്കാം. മതസാമുദായിക പരിഗണനകൾക്കു പരിയായ മാനവ സാഹോദര്യവും ഐക്യവും സ്നേഹവും സമാധാനവും നന്മയും ദേശസ്നേഹവും പങ്കുവയ്ക്കാനും വളർത്താനും ഓണാഘോഷങ്ങളിലൂടെ സാധിക്കട്ടെ. കഥകളാണ് മാനവസംസ്കാരത്തെ രൂപപ്പെടുത്തുന്നതെന്നും അത്തരം ഒരു നല്ല കഥയാണ് ഓണത്തെക്കുറിച്ചുള്ളതെന്നും കള്ളവും ചതിയുമില്ലാത്ത നല്ല നാളയെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന മഹാബലികഥ എല്ലാക്കാലവും പ്രസക്തമാണെന്നും ആശംസാസന്ദേശത്തിൽ പറഞ്ഞു.

## വിപിഎസ് ലേക്ഷോറിൽ ഓണാഘോഷം



**കൊച്ചി:**വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ ഒരാഴ്ച നീനിൽക്കുന്ന ഓണാഘോഷങ്ങൾ സംഘടിപ്പിച്ചു. നടിയും ദേശീയ ബാസ്കറ്റ്ബോൾ താരവുമായ പ്രാചിക തെഹ്ലാൻ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്തു. മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള, സിഒഒ ഡോ. അനൂപ് നമ്പ്യാർ, ഡോ. എച്ച്. രമേഷ്, ഡോ. വി.പി. ഗംഗാധരൻ, ഡോ. റോയ് ജെ. മുക്കട തുടങ്ങിയവർ സന്നിഹിതരായി. തുടർന്ന് ജീവനക്കാരുടെ കലാപരിപാടികൾ നടത്തി. ആഘോഷങ്ങളുടെ ഭാഗമായി ജീവനക്കാർക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു.

# ഇഎംഇന്ത്യ 2023ന് പൂനെയിൽ തുടക്കമായി




**കൊച്ചി:** എമർജൻസി മെഡിസിൻ മേഖലയിലെ വികസനം, നൂതനതകൾ, വീക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വാർഷിക മെഗാ കോൺഫറൻസായ EMINDIA 2023 ന്റെ 190ം എഡിഷന് പൂനെ ഡോ. ഡി.വൈ. പാട്ടീൽ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിൽ തുടക്കമായി. സൗത്ത് ഈസ്റ്റ് ഏഷ്യയിലെ ഒഎച്ച കോളബറേറ്റിങ് സെന്റർ ഫോർ എമർജൻസി ആൻഡ് ട്രോമ, വേൾഡ് അക്കാദമിക് കൗൺസിൽ ഓഫ് എമർജൻസി മെഡിസിൻ (WACEM), ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) നാഗ്പൂർ എന്നിവയുടെ സഹകരണത്തോടെയും അക്കാദമിക് കോളേജ് ഓഫ് എമർജൻസി എക്സ്പെർട്ട്സ് ഇൻ ഇന്ത്യ (ACEE), എമർജൻസി മെഡിസിൻ അസോസിയേഷൻ (EMA), INDUSEM എന്നിവയുടെ രക്ഷാകർതൃത്വത്തിലുമാണ് 5 ദിവസം നീു നിൽക്കുന്ന കോൺഫറൻസ് സംഘടിപ്പിക്കുന്നത്.രോഗികളെ കേന്ദ്രീകരിച്ചുള്ള പഠനം , ഗവേഷണം, രോഗി പരിചരണം എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കോൺഫറൻസിൽ വളർന്നുവരുന്ന എമർജൻസി മെഡിസിൻ വിദഗ്ധർക്കായി രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളും പരിശീലന സെഷനുകളും ഉായിരിക്കും. ഡോ. ഡി.വൈ. പാട്ടീൽ വിദ്യാപീഠം ചാൻസലർ ഡോ. പി.ഡി. പാട്ടീൽ ഉൾപ്പടെയുള്ള പ്രമുഖർ പങ്കെടുക്കുന്ന അക്കാദമിക് കോൺക്ലേവിൽ അമേരിക്കൻ അക്കാദമി ഓഫ് എമർജൻസി മെഡിസിൻ പ്രസിഡന്റ് ഡോ. ജോനാഥൻ ജോൺസ്, അമേരിക്കൻ അക്കാദമി ഓഫ് എമർജൻസി മെഡിസിൻ ഇമ്മീഡിയറ്റ് പാസ്റ്റ് പ്രസിഡന്റ് ഡോ. ലിസ മൊറേനോവാൾട്ടൺ എന്നിവർ സംബന്ധിക്കും. എമർജൻസി മെഡിസിൻ കൺസൾട്ടന്റുമാർക്കായി നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള അധ്യാപനത്തിന്റെ ഒരു പുതിയ സ്കിൽസ് മേള എന്ന ആശയം കോൺഫറൻസിൽ ഉയർന്നു.ജീവിതത്തിന്റെ എല്ലാ തുറകളിലും എമർജൻസി മെഡിസിൻ വഹിക്കുന്ന പങ്കിനെ കുറിച്ച് ആശയങ്ങൾ പങ്കിടുന്നതിനും പഠിക്കുന്നതിനും കോൺക്ലേവ് സാക്ഷ്യം വഹിക്കും. കോൺക്ലേവിൽ, എയിംസ്, എസിഇഇ, അമേരിക്കൻ അക്കാദമി ഓഫ് എമർജൻസി മെഡിസിൻ (എഎഇഎം) എന്നിവയുൾപ്പെടെ ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള പ്രമുഖ ഹെൽത്ത് കെയർ സ്ഥാപനങ്ങളിലെ ആരോഗ്യ വിദഗ്ധർ, ഫിസിഷ്യൻമാർ, ഡോക്ടർമാർ എന്നിവർ 'ഇന്ത്യ, അമേരിക്ക, എമർജൻസി മെഡിസിൻ ലോകം', 'ഇന്ത്യയിൽ അക്കാദമിക് ഇഎം (എമർജൻസി മെഡിസിൻ) വികസിപ്പിക്കുന്നതിനുള്ള തത്വങ്ങൾ', തുടങ്ങിയ പ്രധാന വിഷയങ്ങളിൽ ശിൽപശാലകളും തീമാറ്റിക് ചർച്ചകളും നടത്തും.

## ഏഷ്യൻ പെയിന്റ്സുമായി കൈകോർത്ത് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി




**കൊച്ചി:**രാജ്യത്തെ പ്രമുഖ പെയിന്റ് കമ്പനിയായ ഏഷ്യൻ പെയിന്റ്സുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. ഹീറോ ഇന്ത്യൻ സൂപ്പർ ലീഗിന്റെ 202324 സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ ഒഫിഷ്യൽ പെയിന്റ് പാർട്ണറായിരിക്കും ഏഷ്യയിലെ തന്നെ ഏറ്റവും വലിയ രണ്ടാമത്തെ പെയിന്റ് നിർമാതാക്കളായ ഏഷ്യൻ പെയിന്റ്സ്. പങ്കാളിത്തത്തിന്റെ ഭാഗമായി, കേരള ബ്ലാസ്റ്റേഴ്സ് എഫ്സി താരങ്ങളുടെ ജേഴ്സിയുടെ കോളറിന് താഴെ ഏഷ്യൻ പെയിന്റ്സിന്റെ ലോഗോ പ്രദർശിപ്പിക്കും. പുതിയ ആശയങ്ങൾ അവതരിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ഏഷ്യൻ പെയിന്റ്സ് 15 രാജ്യങ്ങളിലായി പ്രവർത്തനം കേന്ദ്രീകരിച്ചുകൊണ്ട് അറുപതോളം രാജ്യങ്ങളിലെ ഉപഭോക്താക്കളിലേക്ക് സേവനം എത്തിക്കുന്നു. ഈ ആവേശകരമായ സഹകരണം രണ്ട് ബ്രാൻഡുകൾക്കും ഒരു പുതിയ അധ്യായം അടയാളപ്പെടുത്തുകയും മികവ്, നവീകരണം, സാമൂഹിക ഇടപ്പെടൽ തുടങ്ങിയ പ്രതിബദ്ധതകളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.ഒരിക്കൽകൂടി ഏഷ്യൻ പെയിന്റ്സുമായി സഹകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ ഫുട്ബോളിനെ വളർച്ചയിലേക്ക് നയിക്കുന്നതിൽ ഈ പങ്കാളിത്തം നിർണായകമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരള ബ്ലാസ്റ്റേഴ്സിൽ വിശ്വാസം അർപ്പിച്ചതിന് ഏഷ്യൻ പെയിന്റ്സിനോട് നന്ദി പറയുകയും വിജയകരമായ ഒരു കൂട്ടുകെട്ട് ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.'കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ് ഡയറക്ടർ നിഖിൽ ഭരദ്വാജ് പറഞ്ഞു.വരാനിരിക്കുന്ന ഹീറോ ഇന്ത്യൻ സൂപ്പർ ലീഗ് സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇത് ടീമുമായുള്ള ഞങ്ങളുടെ രണ്ടാമത്തെ സഹകരണമാണ്. ടൂർണമെന്റിൽ ഇത്തരമൊരു ശക്തമായ ക്ലബ്ബുമായി സഹകരിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്ന് ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് എംഡിയും സിഇഒയുമായ അമിത് സിംഗിൾ പറഞ്ഞു. 'ഇന്ത്യയിലെ കായിക സംസ്കാരം വളർത്തുന്നതിലും അതിനെ പിന്തുണയ്ക്കുന്നതിലും ഞങ്ങൾ വിശ്വസിക്കുന്നു. ഈ ഉദ്യമത്തിൽ ഫുട്ബോളിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. ഹീറോ ഇന്ത്യൻ സൂപ്പർ ലീഗ് രാജ്യത്തുടനീളം ഫുട്ബോളിന്റെ ജനപ്രീതി ഉയർത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വരാനിരിക്കുന്ന സീസണിനായി ആകാംക്ഷയോ

## ഡെലിവറി ശൃംഖലയിൽ 10,000 ഇലക്ട്രിക് വാഹനങ്ങൾ വിന്യസിക്കാൻ ആമസോൺ



**കൊച്ചി:** രാജ്യത്തെ 400ലധികം നഗരങ്ങളിലായി ആമസോൺ ഇന്ത്യയിലെ ഡെലിവറി ഫ്ളീറ്റിൽ 6,000ലധികം ഇലക്ട്രിക് വാഹനങ്ങൾ ഡെലിവറി നടത്തുന്നത്. 2025ഓടെ ഇന്ത്യയിൽ 10,000 ഇലക്ട്രിക് വാഹനങ്ങൾ വിന്യസിക്കാൻ കമ്പനി പ്രതിജ്ഞാബദ്ധമാണെന്നും ആമസോൺ അറിയിച്ചു. കമ്പനിയുടെ ഡെലിവറി ശൃംഖലയെ പരിവർത്തനം ചെയ്യുന്നതിനും നൂതന മൊബിലിറ്റി സൊല്യൂഷനുകൾ സൃഷ്ടിക്കുന്നതിനും, ചെറുകിട-ഇടത്തരം ബിസിനസുകളും സ്റ്റാർട്ടപ്പുകളും ഉൾപ്പെടെ ഇന്ത്യയിലെ പ്രാദേശിക ഉപകരണ നിർമാതാക്കളുമായി ആമസോൺ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. 100 കിലോമീറ്റർ റേഞ്ചും, ഡീസൽ വാനുകൾക്ക് സമാനമായ കണ്ടെയ്നർ കപ്പാസിറ്റിയുമുള്ള ആദ്യത്തെ 177 ക്യുബിക് അടി ത്രീവീലർ ഇലക്ട്രിക് വാഹനം രൂപകൽപന ചെയ്യാൻ ആൾട്ടിഗ്രീനുമായി ചേർന്ന് കമ്പനി പ്രവർത്തിച്ചിട്ടുണ്ട്. 210 ക്യുബിക് അടിയും, 120 കിലോമീറ്ററിലധികം റേഞ്ചും നൽകുന്ന ടാറ്റ എയ്സ് ഫോർവീലർ ഇവികൾ ആമസോണിന് വേണ്ടി ടാറ്റ മോട്ടോഴ്സ് രൂപകൽപന ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഐഷർ ട്രക്ക്സ് ആൻഡ് ബസസ്, ആൾട്ടിഗ്രീൻ, മഹീന്ദ്ര ഇലക്ട്രിക്, ടാറ്റ മോട്ടോഴ്സ്, ടിവിഎസ്, മജന്ത മൊബിലിറ്റി, സൺ മൊബിലിറ്റി തുടങ്ങിയ പ്രധാന വ്യവസായ കമ്പനികളുമായി ചേർന്ന് ഇലക്ട്രിക് വാഹനങ്ങൾ, ചാർജിങ് സ്റ്റേഷനുകൾ, ഫിനാൻഷ്യൽ സേവനങ്ങൾ എന്നിവ വിന്യസിക്കാനും ആമസോൺ സഹായിച്ചിട്ടുണ്ട്. 2021 സെപ്റ്റംബറിൽ കേന്ദ്ര സർക്കാർ ആരംഭിച്ച 'ശൂന്യ-സീറോ പൊല്യൂഷൻ മൊബിലിറ്റി' ക്യാമ്പയിനിന്റെ പങ്കാളി കൂടിയാണ് ആമസോൺ. നഗരങ്ങളിലെ ഡെലിവറികൾക്കും റൈഡ്-ഹെയ്ലിങ് സേവനങ്ങൾക്കുമായി സീറോ എമിഷൻ വാഹനങ്ങളിലേക്കുള്ള മാറ്റം ത്വരിതപ്പെടുത്താനാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. 2022ൽ ആമസോൺ ഇന്ത്യയിൽ ആറ് യൂട്ടിലിറ്റി സ്കെയിൽ റിന്യുവബ്ൾ എനർജി പ്രൊജക്ടുകൾ ആരംഭിച്ചിരുന്നു 2025ഓടെ 100 ശതമാനം പുനരുപയോഗ ഊർജം ഉപയോഗിച്ച് ആഗോളതലത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പാതയിലാണ് കമ്പനി. ഒരു ഗതാഗത ശൃംഖലയെ ഈ തോതിലും വേഗതയിലും മാറ്റുന്നതിന് നൂതനമായ തന്ത്രങ്ങൾ ആവശ്യമാണ് 2025ഓടെ 10,000 ഇവികൾ വിന്യസിക്കുന്നതിലേക്ക് തങ്ങൾ കൈവരിച്ച പുരോഗതിയിൽ അഭിമാനമുണ്ടെന്ന് ആമസോൺ ഇന്ത്യയിലെ കസ്റ്റമർ ഫുൾഫിൽമെന്റ്, ആമസോൺ ട്രാൻസ്പോർട്ടേഷൻ സർവീസ്, ഗ്ലോബൽ സ്പെഷ്യാലിറ്റി ഫുൾഫിൽമെന്റ്, സപ്ലൈ ചെയിൻ വൈസ് പ്രസിഡന്റ് അഭിനവ് സിങ് പറഞ്ഞു. തങ്ങളുടെ വിശാലമായ ഗതാഗത ശൃംഖലയെ മലിനീകരണമുക്തമാക്കുന്നതിനും തിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അക്സോ നോബൽ ഇന്ത്യ ഡ്യുലക്സ് അഷ്വറൻസ് അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ പെയിൻറ്, കോട്ടിംഗ് കമ്പനിയും ഡ്യുലക്സ് പെയിന്റ്സിന്റെ നിർമ്മാതാവുമായ അക്സോ നോബൽ ഇന്ത്യ ലിമിറ്റഡ്, തിരഞ്ഞെടുത്ത ഡ്യുലക്സ് ഉൽപ്പന്നങ്ങൾക്ക് മൂന്ന് മാസത്തേക്ക് മികച്ച നിറവും ഫിനിഷും കവറേജും ഉറപ്പുനൽകുന്ന പ്രോഗ്രാമായ ഡ്യുലക്സ് അഷ്വറൻസിന് തുടക്കം കുറിച്ചു. ഇന്ത്യയിലെ പെയിൻറ് ഉപഭോക്താക്കളുടെ പ്രധാനപ്പെട്ട പ്രതീക്ഷകൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെ, ഡ്യുലക്സ് അഷ്വറൻസ് ടിഎം ഇപ്പോൾ വലുതും ധീരവും കൂടുതൽ സമഗ്രവുമാകുകയാണെന്ന് അക്സോ നോബൽ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാജീവ് രാജഗോപാൽ പറഞ്ഞു.പുതിയ ഡ്യുലക്സ് അഷ്വറൻസ്ടിഎം ഇന്ത്യയിലെ പെയിൻറ് ഉപഭോക്താക്കൾക്കുള്ള അക്സോനോബലിന്റെ ആദ്യത്തെ വാറൻറി പ്രോഗ്രാമാണ്, ഇത് ശരിക്കും 'ഓരോ സ്ട്രോക്കും വിശ്വാസ്യതയുടെ ഒരു കോട്ട്' ആക്കി മാറ്റുന്നുവെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.ഇക്കാലത്ത് രണ്ട് ഇന്ത്യൻ ഉപഭോക്താക്കളിൽ ഒരാളെങ്കിലും സാധനങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാരത്തിന് മുൻഗണന നൽകുന്നു. ഇന്ത്യൻ ഉപഭോക്താക്കൾ ബ്രാൻഡിലും, വർഷങ്ങൾ കഴിഞ്ഞാലും വീടുകൾ മികച്ചതായി നിലനിർത്തുന്നതിന് ഉതകുന്ന മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളിലും വിശ്വസിക്കുന്നതായി ഡ്യുലക്സിൻറെ ഏറ്റവും പുതിയ ഗവേഷണം കാണിക്കുന്നുവെന്നും രാജീവ് രാജഗോപാൽ പറഞ്ഞു.

# ടാറ്റാ എഐഎ പ്രോഫിറ്റ് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷൂറൻസ് കമ്പനികളിൽ ഒന്നായ ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് നവീനവും വ്യക്തിഗതവുമായ പുതിയ ആരോഗ്യ പരിരക്ഷാ പദ്ധതിയായ ടാറ്റാ എഐഎ പ്രോഫിറ്റ് അവതരിപ്പിച്ചു. മെഡിക്കൽ ചെലവുകൾ, ആരോഗ്യ ക്ഷേമ ആവശ്യങ്ങൾ എന്നിവയ്ക്കുള്ള സമഗ്ര പരിരക്ഷയ്ക്കൊപ്പം അടിയന്തര ആരോഗ്യ ഫ് ആയി പ്രയോജനപ്പെടുത്താവുന്ന സമ്പത്ത് സൃഷ്ടിക്കുന്നതിനുള്ള അവസരവും കൂടി നൽകുന്ന സവിശേഷമായ പദ്ധതിയാണ് ടാറ്റാ എഐഎ പ്രോഫിറ്റെന്ന് ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് പ്രസിഡൻറും ചീഫ് ഫിനാൻഷ്യൽ ഓഫിസറുമായ സമിത് ഉപോദ്ധ്യായ ചൂിക്കാട്ടി.130ൽ ഏറെ ശ്രസ്ത്രക്രിയകളും ഡേകെയർ പ്രൊസീജിയറുകളും 57 ക്രിട്ടിക്കൽ ഇൽനെസുകളും ടാറ്റാ എഐഎ പ്രോഫിറ്റിൻറെ പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടു്. ഇന്ത്യയിലുള്ള നെറ്റ് വർക്ക് ആശുപത്രികളിൽ കാഷ്‌ലെസ് ക്ലെയിം ലഭ്യമാണ്. 25,000 രൂപ വരെയുള്ള രോഗനിർണയ പരിശോധനകൾക്ക് റീ ഇമ്പേഴ്സ്മെൻറും ലഭിക്കും.ഇന്ത്യയിലും 49 രാജ്യങ്ങളിലും നടത്തുന്ന ചികിൽസകളുമായി ബന്ധപ്പെട്ട മെഡിക്കൽ ചെലവുകൾക്ക് പരിരക്ഷ ലഭിക്കും. ക്രിറ്റിക്കൽ ഇൽനെസ് ചികിൽസകൾ വിദേശ രാജ്യങ്ങളിൽ നടത്തുമ്പോൾ 10,00,000 രൂപ വരെ അധിക ആനുകൂല്യങ്ങൾ നൽകുന്ന ഓവർസീസ് ട്രീറ്റ്മെൻറ് ബൂസ്റ്റർ ലഭ്യമാണ്. ഇത് യാത്ര, താമസം, കൂടെയുള്ള വ്യക്തിയുടെ ചെലവ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കാം.ക്രിറ്റിക്കൽ ഇൽനെസുകൾ ഏതു പ്രായത്തിലും സംഭവിക്കാമെന്നും അത് പലപ്പോഴും താങ്ങാനാവാത്ത ചെലവുകൾ സൃഷ്ടിക്കാമെന്നും ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് പ്രസിഡൻറും ചീഫ് ഫിനാൻഷ്യൽ ഓഫിസറുമായ സമിത് ഉപോദ്ധ്യായ ചൂിക്കാട്ടി. ഇന്ത്യയിലെ ആരോഗ്യ ചെലവുകളുടെ 65 ശതമാനവും ജനങ്ങൾ സ്വന്തം പോക്കറ്റിൽ നിന്നാണു വഹിക്കുന്നതെന്ന വസ്തുത ഇന്ത്യയിലെ ആരോഗ്യ പരിരക്ഷ സംബന്ധിച്ച അപര്യാപ്തതയാണു ചൂിക്കാട്ടുന്നത്. തെരഞ്ഞെടുക്കുന്ന കാലയളവിലേക്ക്, അത് ജീവിതകാലം മുഴുവനായാൽ പോലും പരിരക്ഷ നൽകാൻ സാധിക്കുന്ന വിധത്തിൽ രൂപകൽപന ചെയ്ത പദ്ധതിയാണ് ടാറ്റാ എഐഎ പ്രോഫിറ്റ് എന്നും അദ്ദേഹം വ്യക്തമാക്കി .പ്രോഫിറ്റ് പോളിസി ഉടമകൾക്ക് തങ്ങളുടെ നിക്ഷേപങ്ങൾക്ക് യൂലിപ് ഫുകൾക്കു കീഴിൽ വിപണി ബന്ധിത നേട്ടങ്ങൾ സ്വന്തമാക്കാനും അവസരം നൽകുന്നു്. പോളിസി ഉടമയുടെ അസാന്നിധ്യത്തിലും അവരുടെ പ്രിയപ്പെട്ടവർക്ക് സാമ്പത്തിക സംരക്ഷണം നൽകുന്ന ജീവഹാനിക്കുള്ള പരിരക്ഷയ്ക്കു പുറമെ അപകടം മൂലം പൂർണസ്ഥിര വൈകല്യം ഉായാൽ പോളിസി ഉടമകൾക്ക് ഒറ്റത്തവണ പേ ഔട്ടും ലഭിക്കും.പോളിസി ഉടമകൾക്ക് നൂറു വയസു വരെയുള്ള ആനൂകൂല്യങ്ങൾ അനുഭവിക്കാം. സ്മാർട്ട് ലേഡി ഡിസ്ക്കൗുകൾ വനിതാ പോളിസി ഉടമകൾക്ക് ആദ്യ വർഷത്തെ റൈഡർ പ്രീമിയത്തിൽ രു ശതമാനം ഇളവു നൽകും. യൂലിപ് ഫിൽ 0.5 ശതമാനം അധിക യൂണിറ്റുകളും ലഭ്യമാക്കും. 30 വയസിനു മുൻപ് പദ്ധതി വാങ്ങുന്നവർക്ക് പ്രീമിയത്തിൽ 2 ശതമാനം അധിക ഡിസ്ക്കൗ് ലഭിക്കും. ട്രാൻസ്ജെൻറർ വിഭാഗക്കാർക്ക് ആദ്യ വർഷത്തിൽ സവിശേഷമായ 2 ശതമാനം പ്രൈഡ് ഡിസ്ക്കൗും ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

TATA AIA LIFE INSURANCE

# മെൻ ഓഫ് പ്ലാറ്റിനം ക്യാമ്പയിനിൽ സൂര്യകുമാർ യാദവ്



**കൊച്ചി:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ) ഇന്ത്യയുടെ മെൻ ഓഫ് പ്ലാറ്റിനം ബ്രാൻഡ് പ്രമുഖ ക്രിക്കറ്റ് താരം സൂര്യകുമാർ യാദവിനെ മുഖമാക്കി പുതിയ പ്രചാരണ പരിപാടികൾ തുടങ്ങുന്നു. ആറ് ഡിജിറ്റൽ സിനിമകൾ, ഒരു ടെലിവിഷൻ ചിത്രം, മറ്റു രൂപങ്ങളിലുള്ള പ്രചാരണങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പുതിയ ക്യാമ്പയിൻ. എസ്കെവൈ എന്ന സൂര്യകുമാർ യാദവിന്റെ യാത്രയുടെ കഥകൾക്ക് സമാന്തരമായി മെൻ ഓഫ് പ്ലാറ്റിനം പ്രതിനിധീകരിക്കുന്ന അസുലഭമായ മൂല്യങ്ങളും ക്യാമ്പയിനിൽ ചിത്രീകരിക്കപ്പെടുന്നു. 'എ മിനുട്ട് വിത്ത് മെൻ ഓഫ് പ്ലാറ്റിനം ഃ സൂര്യകുമാർ യാദവ്' എന്ന് പേരു നൽകിയിരിക്കുന്ന പരമ്പരയിലൂടേയാണ് ഇത് കൊണ്ടു വരുന്നത്. 6 ഭാഗങ്ങളുള്ള ഈ മിനി പരമ്പര അദ്ദേഹത്തിന്റെ ജീവിതത്തെ വെളിച്ചത്ത് കൊണ്ടു വരികയും അദ്ദേഹത്തിന്റെ യാത്രയുടെ വഴിത്താരകൾ കണ്ടെത്തുകയും അവയെല്ലാം മെൻ ഓഫ് പ്ലാറ്റിനം പ്രതിനിധീകരിക്കുന്ന മുഖ്യ മൂല്യവുമായി കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ക്രിക്കറ്റ്, ഉത്സവ സീസണിൽ കൃത്യമായി പുറത്തിറക്കുന്ന സൂര്യകുമാർ യാദവുമൊത്തുള്ള മെൻ ഓഫ് പ്ലാറ്റിനം പ്രചാരണത്തിന് ടെലിവിഷൻ, അച്ചടി, ഡിജിറ്റൽ, സോഷ്യൽ, പിആർ മേഖലകളിൽ ഉടനീളം ഔട്ട് റീച്ച് പിന്തുണയുമുണ്ട്. ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിലും പുതിയ മെൻ ഓഫ് പ്ലാറ്റിനം ശേഖരം ലഭ്യമായിരിക്കും. വരാനിരിക്കുന്ന ക്രിക്കറ്റ് സീസണിനേയും ഉത്സവ വേളയിലെ ആവേശത്തേയും മുൻനിർത്തിയാണ് ക്രിക്കറ്റ് താരം സൂര്യകുമാർ യാദവിനെ വച്ച് മെൻ ഓഫ് പ്ലാറ്റിനത്തിനായി ഒരു പുതിയ പ്രചാരണം ഞങ്ങൾ ആരംഭിച്ചിരിക്കുന്നതെന്ന് പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ ഇന്ത്യയുടെ കൺസ്യൂമർ മാർക്കറ്റിങ്ങ് ഡയറക്ടർ സുജല മാർട്ടിസ് പറഞ്ഞു. ക്രിക്കറ്റിന്റെ ആവേശവും ബ്രാൻഡിന്റെ മൂല്യവും സമ്മേളിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്നും അവർ കൂട്ടിച്ചേർത്തു.

# സെലിബ്രിറ്റി ഷെഫ് സഞ്ജീവ് കപൂർ ഇൻഡേൻ എക്സ്ട്രാതേജ് ബ്രാൻഡ് അംബാസഡർ




**കൊച്ചി:** ഇന്ത്യൻ ഓയിൽ ഇൻഡേൻ എക്സ്ട്രാതേജ് എൽപിജി ബ്രാൻഡിന്റെ അംബാസഡറായി സെലിബ്രിറ്റി ഷെഫ് സഞ്ജീവ് കപൂർ. പാചക മികവിന്റെയും വ്യവസായ സ്ഥിതിവിവരക്കണക്കുകളുടെയും സംഗമമായ ബംഗളൂരുവിൽ നടന്ന പ്രശസ്തമായ ഇൻഡേൻ എക്സ്ട്രാതേജ് ഹോട്ടലിയർ ഹാർമണി മീറ്റിലാണ് പ്രഖ്യാപനം നടന്നത്. പാചക നവീകരണത്തിലും കാര്യക്ഷമതയിലും ഇന്ത്യൻ ഓയിലിന്റെ പ്രതിബദ്ധതയെ അഭിനന്ദിച്ച ഷെഫ് സഞ്ജീവ് കപൂർ ബിസിനസ്സ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം എൽപിജിയെ സംരക്ഷിക്കുകയും അതുവഴി ഉപഭോക്തൃ പ്രതീക്ഷകൾ നിറവേറ്റുകയും ചെയ്യുന്ന ചെലവ് കുറഞ്ഞ പരിഹാരം സൃഷ്ടിക്കുന്നതിനുള്ള കമ്പനിയുടെ സമർപ്പണത്തെ പ്രശംസിക്കുകയും ചെയ്തു. സെലിബ്രിറ്റി ഷെഫ് സഞ്ജീവ് കപൂർ, എക്സിക്യൂട്ടീവ് ഡയറക്ടർ (എൽപിജി)എച്ച്ഒ കെ ശൈലേന്ദ്ര, കർണാടകയിലെ ഇന്ത്യൻ ഓയിൽ എക്സിക്യൂട്ടീവ് ഡയറക്ടറും സ്റ്റേറ്റ് ഹെഡുമായ പി ഗുർ പ്രസാദ്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് & ബ്രാൻഡിംഗ് എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദീപ് ശർമ്മ എന്നിവരുടെ സാന്നിധ്യത്തിൽ ഇൻഡേൻ എക്സ്ട്രാതേജ് ബ്രാൻഡിന്റെ സഞ്ജീവ് കപൂർ അവതരിപ്പിക്കുന്ന പുതിയ പരസ്യം ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) സതീഷ് കുമാർ പുറത്തിറക്കി. പ്രമുഖ പ്രമുഖ ഇൻഡേൻ എക്സ്ട്രാതേജ് ഉപഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു.എക്സ്ട്രാതേജ് എന്ന നൂതന ഉൽപ്പന്നത്തിന്റെ പിറവിക്ക് കാരണമായ എൽപിജിക്ക് ഒരു അഡിറ്റീവുണ്ടാക്കാൻ ആർ ആൻഡ് ഡി ടീം എടുത്ത ശ്രമങ്ങളെ എക്സിക്യൂട്ടീവ് ഡയറക്ടർ (എൽപിജി)കെ ശൈലേന്ദ്ര തന്റെ പ്രസംഗത്തിൽ എടുത്തു പറഞ്ഞു. ഹോട്ടൽ ഉടമകളെയും കാറ്ററർമാരെയും ലക്ഷ്യമിട്ടുള്ള ഉയർന്ന മർദ്ദത്തിലുള്ള വേരിയബിൾ റെഗുലേറ്ററിന്റെയും വാണിജ്യ എൽപിജി ഹോസിന്റെയും വരാനിരിക്കുന്ന ലോഞ്ച് ഇവരെ പിന്തുണയ്ക്കുന്നതിനുള്ള ഇന്ത്യൻ ഓയിലിന്റെ പ്രതിബദ്ധതയെ അടിവരയിടുന്നതായി ശൈലേന്ദ്ര പറഞ്ഞു. ആഭ്യന്തര സെഗ്മെന്റുകളിലും ഇപ്പോൾ വാണിജ്യ മേഖലകളിലേക്കും മികവ് വ്യാപിപ്പിക്കുന്ന ഇന്ത്യൻ ഓയിൽ, 49 ശതമാനം വിപണി വിഹിതം കൈവശം വച്ചിരിക്കുന്നതായും 16 കോടി ഉപഭോക്താക്കൾക്കായി പ്രതിദിനം 27 ലക്ഷം സിലിണ്ടറുകൾ വിതരണം ചെയ്യുകയും ചെയ്യുന്നുവന്നു ഡയറക്ടർ (മാർക്കറ്റിംഗ്) സതീഷ് കുമാർ പറഞ്ഞു. വിപുലമായ വിതരണ ശൃംഖലയും ആധുനിക എൽപിജി ബോട്ടിലിംഗ് പ്ലാന്റുകളും ഈ നേട്ടത്തിന് കരുത്തേകുന്നു. ഇന്ത്യൻ ഓയിലിന്റെ പുരോഗമന ഉൽപ്പന്ന ശ്രേണി ഹരിത ഇന്ധനങ്ങൾക്കും ഊർജ്ജകാര്യക്ഷമമായ പരിഹാരങ്ങൾക്കും മുൻഗണന നൽകുന്നു. ഗെയിംചേഞ്ചറായ എക്സ്ട്രാതേജ് ഏറ്റവും കുറഞ്ഞത് 5 ശതമാനം കാര്യക്ഷമത വർദ്ധന വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഇന്ത്യൻ ഓയിലിന്റെ പയനിയറിംഗ് ഉൽപ്പന്ന വാഗ്ദാനമായ എക്സ്ട്രാതേജിന്റെ വിപുലമായ സാധ്യതകൾ സംബന്ധിച്ച് ഹോട്ടലുടമകളും പാചകക്കാരും വ്യവസായ പ്രമുഖരും തമ്മിലുള്ള ചർച്ചകളും മീറ്റിൽ സംഘടിപ്പിച്ചു.

# 'ഷെയ്ഡ്സ് ഓഫ് ഭായ്' അവതരിപ്പിച്ച് മിയാ ബൈ തനിഷ്ക്



**കൊച്ചി:**ഇന്ത്യയിലെ ഏറ്റവും ഫാഷനബിൾ ജുവല്ലറി ബ്രാൻഡുകളിൽ ഒന്നായ മിയാ ബൈ തനിഷ്ക് രക്ഷാ ബന്ധൻ വേളയിൽ സാഹോദര്യ ബന്ധം ആഘോഷി ക്കുവാൻ അവസരമൊരുക്കുന്നു. ആഘോഷത്തിനായി സിൽവർ രാഖി ശേഖരമായ ഷെയ്ഡ്സ് ഓഫ് രാഖി പുറത്തിറക്കി.എല്ലാ സഹോദരങ്ങൾക്കും ഹൃദയപൂർവ്വമുള്ള ആലിംഗനമായി അനുഭവപ്പെടുന്ന മനോഹരമായ ശേഖരമാണ് ഷെയ്ഡ്സ് ഓഫ് ഭായ് എന്നും വ്യത്യസ്ഥരായ സഹോദരൻമാർക്കുള്ള വിവിധ രാഖികളാണ് മനോഹരമായ ഈ ശേഖരത്തിൽ ഉള്ളതെന്നും മിയ ബൈ തനിഷ്ക് ബിസിനസ് മേധാവി ശ്യാമള രമണൻ പറഞ്ഞു. വൈവിധ്യമാർന്ന രീതിയിൽ പ്രയോജനപ്പെടുത്താനും സഹോദര സ്നേഹം ഹൃദയത്തോടടുത്ത് പ്രതിഷ്ഠിക്കാനാവും വിധവും ഈ രാഖികൾ പെൻഡൻറുകളായും മാറ്റാവുന്നതാണ്. സഹോദരൻമാർ ഇല്ലാത്തവർക്കായി സഹോദരീ സ്നേഹം തുളുമ്പുന്ന വിധത്തിൽ പ്രത്യേകമായി തയ്യാറാക്കിയ സഹോദരിമാർക്കുള്ള രാഖികളുമുണ്ട്. മിയയുടെ ക്വീൻ സിസ്റ്റർ രാഖി സഹോദരിയുമായുള്ള ആത്മബന്ധം ആഘോഷിക്കാനുള്ളതാണ്.മിയ ബൈ തനിഷ്കിൻറെ രാഖികൾ വാൽസല്യത്തിൻറെ നൂലുകൾ എന്നതിലൂപരി അതിരുകളില്ലാത്ത സ്നേഹത്തിൻറെ പ്രതീകം കൂടിയായി വളരുകയാണ്. ഈ വർഷം ബ്രാൻഡ് കസ്റ്റമൈസബിൾ രാഖികൾ കൂടി അവതരിപ്പിക്കുന്നുണ്ട്. രാഖികളിൽ ചിത്രങ്ങൾ പതിപ്പിക്കാൻ അതു അവസരം നൽകും. വീട്ടിലിരുന്നു തന്നെയോ അടുത്തുള്ള മിയ സ്റ്റോർ സന്ദർശിച്ചോ രാഖി പേഴ്സണലൈസ് ചെയ്യാം. സഹോദരങ്ങളുടെ ചിത്രം ജീവനക്കാർക്കു കൈമാറി അതു സിൽവർ രാഖിയിൽ പതിപ്പിക്കാം.മിയയെ സംബന്ധിച്ച് രക്ഷാ ബന്ധൻ ഉൽസവ കാലത്തിൻറെ ആരംഭമാണെന്നും ശ്യാമള രമണൻ പറഞ്ഞു. സമ്മാനങ്ങൾ നൽകുന്നതിന്, പ്രത്യേകിച്ച് ഫാഷനബിളും പോക്കറ്റിനിണങ്ങുന്നവയും ആകർഷകവും മൂല്യമുള്ളതുമായവ തെരഞ്ഞെടുക്കുമ്പോൾ എപ്പോഴും മിയയാണ് പരിഗണിക്കുന്നത്. രക്ഷാ ബന്ധൻ അത്തരത്തിൽ സമ്മാനത്തിൻറേതായ ഒരു അവസരമാണ്. വർഷം മുഴുവൻ അണിയാവുന്ന പെൻഡൻറ് ആയി ഈ രാഖികൾ ഇരട്ട മൂല്യം നൽകുന്നു എന്നതാണ് അതിൻറെ ഏറ്റവും മികച്ച സവിശേഷതയെന്നും ശ്യാമള രമണൻ പറഞ്ഞു.മിയ ബൈ തനിഷ്കിൻറെ 925 സ്റ്റെർലിങ് സിൽവർ രാഖി ശേഖരത്തിലെ രാഖികൾക്ക് 1499 രൂപ മുതലാണ് വില.

# ഓണത്തിന് ഇരട്ടി മധുരം; കൊച്ചി ലുലുവിന് ലോക റെക്കോർഡ്

## മാളിൽ ഒരുക്കിയ 30 അടിയുള്ള ഹാങ്ങിങ് പൂക്കളം വേൾഡ് റെക്കോർഡ് സ്വന്തമാക്കി



**കൊച്ചി:** വ്യത്യസ്തമായ ഓണ പരിപാടികളുമായി ഉപഭോക്താക്കൾക്ക് ഉത്സവാന്തരീക്ഷം ഒരുക്കിയ കൊച്ചി ലുലു മാൾ, സന്ദർശകർക്കായി തയ്യാറാക്കിയ ഹാങ്ങിങ് പൂക്കളം വേൾഡ് റെക്കോർഡിൽ ഇടംപിടിച്ചു. വർണ വിസ്മയം ഒരുക്കി മാളിലെ സെൻട്രൽ ഏട്രിയത്തിലാണ് ഹാങ്ങിങ് പൂക്കളം ഒരുക്കിയത്. 30 അടി വ്യാസവും 450 കിലോ ഭാരവുമാണ് ഈ ഹാങ്ങിങ് പൂക്കളത്തിനുള്ളത്.കൃത്രിമ പൂക്കളാണ് ഹാങ്ങിങ് പൂക്കളത്തിൽ ഉപയോഗിച്ചത്. 35 ലേറെ പേർ ചേർന്ന് 8 ദിവസം കൊണ്ടാണ് ഹാങ്ങിങ്ങ് പൂക്കളം ഒരുക്കിയത്.ജിഐ പൈപ്പുകളിൽ പോളിഫോമ്മും വിനയ്ൽ പ്രിന്റും ഉപയോഗിച്ചാണ് ഇതിന്റെ ഘടന നിർമ്മിച്ചത്. 4 വലിയ വടങ്ങളിൽ കോർത്ത് ഉയർത്തി, 25 മീറ്റർ വീതമുള്ള മൂന്ന് ഇരുമ്പ് ചങ്ങലയിലാണ് പൂക്കളം തൂക്കിയത്. താഴെ കഥകളി രൂപവും മുകളിൽ ഓണത്തപ്പനുമാണ് ഹാങ്ങിങ്ങ് പൂക്കളത്തിനെ ആകർഷകമാക്കിയത്. ഇതോടെ ഒരൊറ്റ വേദിയിൽ ഒരുക്കിയ ഏറ്റവും വലിയ ഹാങ്ങിങ് പൂക്കളം എന്ന വേൾഡ് റെക്കോഡ്സ് യൂണിയൻ സർട്ടിഫിക്കറ്റാണ് ഹാങ്ങിങ് പൂക്കളത്തെ തേടിയെത്തിയത്.കേരളീയ തനിമയുടെ ശോഭ വിളിച്ചോതി കഥകളിയുടെ മുഖമുദ്ര ചാർത്തിയ നിറപ്പകിട്ടോടെയായിരുന്നു ഹാങ്ങിങ് പൂക്കളം. ഓണഘോഷത്തിന്റെ മനോഹരമായ ദൃശ്യം വരച്ചിടുന്നതാണ് ഹാങ്ങിങ് പൂക്കളമെന്ന് വേൾഡ് റെക്കോർഡ്സ് യൂണിയൻ അഭിപ്രായപ്പെട്ടു. ലുലു മാളിൽ നടന്ന ചടങ്ങിൽ വെച്ച് വേൾഡ് റെക്കോഡ്സ് യൂണിയൻ പ്രതിനിധി ക്രിസ്റ്റഫർ ടെയ്‌ലർ ക്രാഫ്റ്റ്, സർട്ടിഫിക്കറ്റും മെഡലും ലുലുവിന് സമ്മാനിച്ചു. കൊച്ചി ലുലു ഇവന്റ്സാണ് ഹാങ്ങിങ് പൂക്കളം തയ്യാറാക്കിയത്. ലുലു ഇവന്റ്സ് ആർട്ട് ഡയറക്ടർ മഹേഷ് എം.നായരാണ് നിർമ്മാണത്തിന് നേതൃത്വം നൽകിയത്. ലുലു ഇവന്റ്സ് ടീമിന്റെ ഏറ്റവും മികച്ച ആസൂത്രണമാണ് ഈ ഹാങ്ങിങ് പൂക്കളത്തിലൂടെ പ്രവർത്തികമായതെന്നും ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരും അഭിനന്ദനങ്ങൾ അർഹിക്കുന്നുവെന്നും വേൾഡ് റെക്കോഡ്സ് യൂണിയൻ ഭാരവാഹികൾ പ്രതികരിച്ചു.ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ രജിത്ത് രാധാകൃഷ്ണൻ സർട്ടിഫിക്കറ്റും മെഡലും ഏറ്റുവാങ്ങി.ലുലുമാൾ ഇന്ത്യ ഡയറക്ടർ ഷിബു ഫിലിപ്പ്, കൊമേർഷ്യൽ മാനേജർ സാദിഖ് കാസിം, കൊച്ചി ലുലുമാൾ ജനറൽ മാനേജർ ഹരി സുഹാസ്, മാർക്കറ്റിംഗ് മാനേജർ ഐശ്വര്യ ബാബു, ഇവന്റ്സ് മാനേജർ ദിലു വേണുഗോപാൽ, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ, മാർക്കറ്റിംഗ് മാനേജർ ആതിര നമ്പ്യാതിരി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# ഓണാഘോഷം കളറാക്കി ഫെഡറൽ ബാങ്ക്



**കൊച്ചി**: വേറിട്ട ഓണാഘോഷത്തിന് ആലുവയിലെ ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ് സാക്ഷ്യം വഹിച്ചു. കഥകളി, മോഹിനിയാട്ടം, പൂതൻ, കളരിപ്പയറ്റ്, തെയ്യം, ശിങ്കാരി മേളം എന്നിവ മാറ്റുകൂട്ടിയ ഓണാഘോഷത്തിന് ആവേശം പകരാൻ റോബോട്ട് ആനയും എത്തിയിട്ടുായിരുന്നു.ഹെഡ് ഓഫീസിലെ ആയിരത്തോളം വരുന്ന ജീവനക്കാരോടൊപ്പം എംഡിയും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ, എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ, സി എച്ച് ആർ ഒ അജിത് കുമാർ കെ കെ, ബ്രാഞ്ച് ബാങ്കിംഗ് ഹെഡ് നന്ദകുമാർ വി തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥരും ഓണാഘോഷത്തിൽ പങ്കുചേർന്നു.ജീവനക്കാരുടെ നേതൃത്വത്തിൽ ഗാനാലാപനം, നൃത്തം തുടങ്ങിയവ അവതരിപ്പിച്ചു. ചിങ്ങം ഒന്ന് മുതൽ സംഘടിപ്പിച്ച വിവിധ കലാ കായിക മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും നിർവഹിച്ചു.

